
2010
ഏപ്രിൽ
116

ചെറുതായിരിക്കുന്നതിന്റെ പ്രസക്തി

# ലിറ്റിൽ മാസിക



**ലിറ്റിൽ മാസികയുടെ പ്രിയസുഹൃത്തും ജനകീയ ചലച്ചിത്രകാരനുമായ ശരത്ചന്ദ്രന് ആദരാഞ്ജലികൾ!**

ശരത്ചന്ദ്രൻ ഓർമ്മയായി. സംഭവബഹുലമായ ജീവിതയാത്രയിൽനിന്ന് മരണത്തിലേക്ക് പൊടുന്നനെയുള്ള ഒരെടുത്തുചാട്ടം പോലെയായി ആ അന്ത്യം.

ഒരു ചലച്ചിത്രകാരനായി മാത്രം ഒതുക്കി നിർത്താവുന്ന ആളായിരുന്നില്ല ശരത്. വികസന ഭ്രാന്തിന്റെ ഇരയായി പൊലിഞ്ഞുതീരുന്ന ജീവിതാവസ്ഥകൾക്കൊപ്പം ചെറുത്തുനിൽപിന്റെ പടയാളിയായി ശരത് ഉണ്ടായിരുന്നു. ക്യാമറയെ ആയുധമാക്കിക്കൊണ്ട്.

പേജ് 2ൽ വായിക്കുക

2010
ഏപ്രിൽ
ലക്കം 116

ലിറ്റിൽ മാസിക
ചുങ്കത്തറ പി.ഒ., മലപ്പുറം – 679934
Ph: 04931-231493, 232780
Mob: 9946428284, 9995264564
email:littlemasika@gmail.com

1992ൽ ദൃഷ്ടി എന്ന പേരിൽ പ്രസിദ്ധീകരണം ആരംഭിച്ചു. 1993 മുതൽ ലിറ്റിൽ മാസിക എന്ന പേരിൽ രജിസ്റ്റർ ചെയ്ത മാസികയായി പ്രസിദ്ധീകരിച്ചു വരുന്നു. ചെറിയ മനുഷ്യർ, കൊച്ചുപ്രസ്ഥാനങ്ങൾ, ചെറുതെങ്കിലും ആത്മാർത്ഥമായ ജനകീയ ഇടപെടലുകൾ പൂവ്, കാട്, പുഴ, ചെറുജീവികൾ, ദൃഷ്ടിഗോചരമല്ലാത്ത പ്രാണികൾ അങ്ങനെ ചെറുതും സുന്ദരവും സ്ഥായിയായി നിലനിൽക്കുന്നതുമായ ജീവിതത്തിന്റെ വിവിധ ഭാവങ്ങൾ...! ഇവയെക്കുറിച്ചെല്ലാമാണ് ഈ പത്രം വിചാരപ്പെടുന്നത്.

### കഥാധ്യാനം

# കടൽ

നിരന്തരമായി സുമോ ഗുസ്തിയിൽ പരാജയപ്പെട്ട ഒരു ചെറുപ്പക്കാരൻ മാസ്റ്ററെ കാണാൻ എത്തുന്നു. അയാൾ ചോദിച്ചു: നീ കടൽ കണ്ടിട്ടില്ലേ? ഗുസ്തിക്കാരൻ കുപിതനാകുന്നു. ഇല്ല നീ കണ്ടിട്ടില്ല. കാരണം കടൽ നിന്നെ ഒന്നും പഠിപ്പിച്ചില്ല. നാളെ പുലരിയിൽ കടലോരത്ത് ചെല്ലുക. ചമ്രം പടിഞ്ഞ് തിരകളെ ധ്യാനിക്കുക. മനസ്സിനോട് മന്ത്രിക്കുക. നിന്റെ ഉള്ളിലും ഒരു തിരയുണ്ട്.

അയാൾ തിരയെ കണ്ടു. ഒരു തിര തല്ലി മരിക്കുമ്പോൾ അതേ തിരയിൽ നിന്ന് ഉയിർത്തെഴുന്നേൽക്കുന്ന എണ്ണമില്ലാത്ത തിരകൾ... പിന്നീടൊരിക്കലും അയാളുടെ മനസ്സു തളർന്നിട്ടില്ല.

നിന്റെ ഉള്ളിൽ പുറത്തുള്ളതിനേക്കാൾ മഴയുണ്ട്, വനമുണ്ട്, ഖനിയുണ്ട്, ആകാശമുണ്ട്, നീയാണ് പ്രപഞ്ചം. ചെരുപ്പുകൾ അഴിച്ചുവെച്ച് അകത്തേക്ക് പ്രവേശിച്ചുകൊള്ളൂ...

ചീഫ് എഡിറ്റർ
ബിജു ജോൺ
കോ-ഓർഡിനേറ്റിംഗ് എഡിറ്റർ
അബ്ദുള്ളക്കുട്ടി എടവണ്ണ
മാനേജിംഗ് എഡിറ്റർ
ജയപ്രകാശ് നിലമ്പൂർ
എക്സിക്യൂട്ടീവ് എഡിറ്റർ
പി.എം. ജോൺ
പത്രാധിപ സമിതി
സതീഷ് ചളിപ്പാടം
മനോഹർ വർഗീസ്
ചന്ദ്രബാബു തൃക്കലങ്ങോട്
സ്പെഷ്യൽ കറസ്പോണ്ടന്റ്
ഹാരിസ് നെന്മേനി
കവർ ഫോട്ടോ
അജയ് സാഗ
ടൈപ്പ് സെറ്റിംഗ്
ജസീല
ലേഔട്ട്
റസീസ് അഹമ്മദ്
പ്രിന്റിംഗ്
ഇംപീരിയൽ ഓഫ്സെറ്റ് എടവണ്ണ
9895117614

**ലിറ്റിൽ മാസിക തപാലിൽ കിട്ടാൻ**
16 ലക്കങ്ങൾക്ക് 100 രൂപ
വരിസംഖ്യ അയയ്ക്കുക
വരിസംഖ്യ M.O അയക്കുന്നവർ ദയവായി ശ്രദ്ധിക്കുക. M.O ഫോറത്തിന്റെ സന്ദേശം എഴുതുന്നിടത്ത് മലയാളത്തിൽ പൂർണ്ണമായ വിലാസം എഴുതുക.



**ലിറ്റിൽ മാസികയുടെ പ്രിയ സുഹൃത്തും ജനകീയ ചലച്ചിത്രകാരനുമായ ശരത്ചന്ദ്രന് ആദരാഞ്ജലികൾ!**

ശരത്ചന്ദ്രൻ ഓർമ്മയായി. സംഭവബഹുലമായ ജീവിതയാത്രയിൽനിന്ന് മരണത്തിലേക്ക് പൊടുന്നനെയുള്ള ഒരെടുത്തുചാട്ടം പോലെയായി ആ അന്ത്യം.

ഒരു ചലച്ചിത്രകാരനായി മാത്രം ഒതുക്കി നിർത്താവുന്ന ആളായിരുന്നില്ല ശരത്. വികസനഭ്രാന്തിന്റെ ഇരയായി പൊലിഞ്ഞുതീരുന്ന ജീവിതാവസ്ഥകൾക്കൊപ്പം ചെറുത്തുനിൽപിന്റെ പടയാളിയായി ശരത് ഉണ്ടായിരുന്നു. ക്യാമറയെ ആയുധമാക്കിക്കൊണ്ട്.

ചാലിയാർ സമരമുഖത്തും മുത്തങ്ങയിലും പ്ലാച്ചിമടയിലും ചെങ്ങറയിലും സൈലന്റ് വാലിയിലും... ശരത് എത്താത്ത ഇടമില്ല. സമരത്തോടൊപ്പം നിന്ന് ശരത് പകർത്തിയ കാഴ്ചകൾ ലോകത്തിന്റെ മുമ്പിലെത്തി. നിലപാടുകൾ ഉയർത്തിപ്പിടിച്ച് സംവാദ വേദികളിൽ ശരത് പ്രതിബദ്ധത ഉയർത്തിപ്പിടിച്ചു. പരമ്പരാഗത സിനിമാകാരനായല്ല, എടുത്ത സിനിമകൾ കൊണ്ടുനടന്ന് പ്രദർശിപ്പിക്കാനും ശരത് തയ്യാറായി.

തിരുവനന്തപുരം ചലച്ചിത്ര മേളകളിലും മൊണ്ടാഷ് ചലച്ചിത്ര മേളകളിലും വിവിധ പരിസ്ഥിതി സമരങ്ങളിലും ലിറ്റിൽ മാസികയോട് സൗഹൃദം പങ്കിടാൻ ശരത് ഉണ്ടായിരുന്നു.

ചാലിയാർ സമരകാലത്ത് തീരഗ്രാമങ്ങളിലൂടെ 'ബാക്കിപത്രം' സിനിമയുമായി മൂന്നാല് ദിവസം ശരതിന്റെ കൂടെ സഞ്ചരിച്ചത് ലിറ്റിൽ മാസിക സുഹൃത്തുക്കൾ ആവേശകരമായ ഓർമ്മയായി സൂക്ഷിക്കുന്നു.

**Copy left:** ലിറ്റിൽ മാസികയിൽ പ്രസിദ്ധീകരിക്കുന്ന രചനകൾക്ക് കോപ്പിറൈറ്റ് ഇല്ല. ആർക്കും രചനകൾ യഥേഷ്ടം ഉപയോഗിക്കാവുന്നതാണ്. രചയിതാവിന്റെ പേര് സൂചിപ്പിക്കണമെന്ന് മാത്രം.



# വേനൽ ചിന്തകൾ

**ആഗോള താപനം ഇനി പ്രസംഗിച്ചു നടക്കേണ്ട! പ്രബന്ധങ്ങളെഴുതേണ്ട! അത് നമ്മളെ പൊള്ളിച്ചുകൊള്ളും. എരിപൊരി കൊള്ളുകയാണ് ഭൂമി. വറചട്ടിപോലെ അത് ചുട്ടുപൊള്ളുന്നു. ഒരിലയുടെ തണൽ പോലും എങ്ങനെ ആശ്വാസം തരുമെന്ന് നമുക്കിപ്പോഴറിയാം. എന്നിട്ടും നമ്മൾ മാറിയോ? ജീവിത സമ്പ്രദായങ്ങൾ മാറ്റുമോ?**

## വേനലിൽ പുത്തൻ വിപണികൾ

മുമ്പൊരിക്കൽ ഒരു സോഫ്റ്റ് ഡ്രിങ്ക്സ് കമ്പനിയുടെ പരസ്യമിങ്ങനെയായിരുന്നു. ഈ വേനൽ നീണ്ടുപോയെങ്കിൽ! ഇങ്ങനെ കൊതിക്കുന്നവർ പലരുമുണ്ടാകും. സോഫ്റ്റ് ഡ്രിങ്ക്സ് കമ്പനിക്കാർ മാത്രമല്ല പഴക്കച്ചവടക്കാരും റോഡുവക്കിലെ കരിക്കു വിൽപനക്കാരും കരിമ്പ് നീര് വിൽപനക്കാരും മാത്രമല്ല എ.സി, ഫ്രിഡ്ജ് വില്പനക്കാരും കുടിവെള്ള കച്ചവടക്കാരും മരുന്നു കമ്പനിക്കാരും സ്വകാര്യ ആശുപത്രിക്കാരും .... വേനൽ ഒരു നല്ല വിപണി കൂടിയാണ്.

വേനലിൽ വിയർത്തുരുകുമ്പോൾ അതിനെന്തു പരിഹാരം എന്നാലോചിച്ചുപോകുന്നത് സ്വാഭാവികം. പണ്ടുകാലങ്ങളിൽ നമ്മുടെ പൂർവ്വികർ വേനലിനെ അതിജീവിക്കാൻ പറ്റിയ ജീവിതസമ്പ്രദായങ്ങൾ പുലർത്തി. വസ്ത്രധാരണം, വീട് നിർമ്മാണം, ഭക്ഷണശൈലി, പാനീയ സംസ്ക്കാരം, ജലവിനിയോഗം, പ്രകൃതിദത്ത സാങ്കേതികതകൾ അങ്ങനെ പലതുമുണ്ടായിരുന്നു.

ഓലമേഞ്ഞ വീട് അല്ലെങ്കിൽ ഓടിട്ട വീട്ടുകാരും കച്ചവടക്കാരും മുമ്പിലൊരു പന്തൽ കെട്ടും; ചൂടിനെ നേരിടാൻ. സംഭാരവും നന്നാറി സർബത്തും. മൺകലത്തിൽ നിറച്ചുവെച്ച വെള്ളം. വീട്ടുമുറ്റത്തും തൊടിയിലും തണൽമരങ്ങൾ....

പുത്തൻ പരിഷ്ക്കാരത്തിൽ നാം ഇതൊക്കെ ഒഴിവാക്കി. പുറംമോടിക്ക് പണം ചിലവാക്കി. ദുരിതങ്ങൾ സ്വയം വരുത്തിവെക്കുകയും ചെയ്യുന്നു. വാങ്ങിവെച്ച എ.സി.യും ഫ്രിഡ്ജും വൈദ്യുതിയില്ലെങ്കിൽ ഉപയോഗശൂന്യം.

വെയിലത്തിറങ്ങി നടക്കുന്ന ശീലങ്ങൾ കുറവായതിനാൽ ചൂട് തീരെ താങ്ങാൻ പറ്റാത്ത അവസ്ഥയുമായിട്ടുണ്ട്. സൂര്യാഘാതമേറ്റവരിൽ പലരും ഇത്തരക്കാരാണ്. വെയിലും മഴയും മഞ്ഞും താങ്ങാൻ കഴിയാത്ത ദുർബല ജീവികളാണല്ലോ നമ്മളിപ്പോൾ.

സ്വയം ചൂടിനെ നേരിടാനുള്ള വഴികൾ ആലോചിച്ചാൽ മതിയായിരുന്നു നമ്മുടെ പൂർവ്വികർക്ക്. എന്നാൽ ചൂടുണ്ടാക്കുന്ന പ്രവർത്തികളിൽ നിന്ന് വിട്ടുനിൽക്കാനുള്ള ആർജവവും ഇന്ന് നമ്മൾ കാണിക്കേണ്ടതുണ്ട്. കാർബൺഡയോക്സൈഡ് പുറന്തള്ളുന്ന നമ്മുടെ പ്രവൃത്തികൾ എന്തെല്ലാം നമുക്കൊഴിവാക്കാനാവും?

നമ്മുടെ യാത്രകൊണ്ടു മാത്രം പുറംതള്ളപ്പെടുന്ന കാർബൺഡയോക്സൈഡ് നിർമ്മാർജനം ചെയ്യാൻ നാം ഒന്നോ രണ്ടോ മരങ്ങൾ വെച്ചുപിടിപ്പിച്ചാൽ മതിയാകില്ല.

ഒരേക്കർ തോട്ടത്തിന് ഒരു വർഷം 1587 കിലോഗ്രാം കാർബൺഡയോക്സൈഡ് വലിച്ചെടുക്കാൻ കഴിയും. നമ്മൾ പുറംതള്ളുന്ന കാർബൺഡയോക്സൈഡിന്റെ അളവ് കണക്കാക്കിയാൽ നമ്മൾ എത്ര ഏക്കർ തോട്ടങ്ങൾ വെച്ചുപിടിപ്പിക്കേണ്ടിവരും?

യാത്രയിൽ പുറംതള്ളപ്പെടുന്ന കാർബൺഡയോക്സൈഡിന്റെ കണക്ക് ഒന്നു പരിശോധിച്ചുനോക്കൂ..

| ഗതാഗത രീതി | കി. മീ | പുറംതള്ളപ്പെടുന്ന $CO_2$/KM | ആകെ $CO_2$ അളവ് |
|---|---|---|---|
| നടത്തം | – | x 3 gms | = ........... |
| സൈക്കിൾ | – | x 3 gms | = ........... |
| ടൂവീലർ | – | x 28 gms / യാത്രികരുടെ എണ്ണം | = ........... |
| ത്രീവീലർ | – | x 78 gms / യാത്രികരുടെ എണ്ണം | = ........... |
| ഡീസൽ കാർ | – | x 208 gms / യാത്രികരുടെ എണ്ണം | = ........... |
| പെട്രോൾ കാർ | – | x 228 gms / യാത്രികരുടെ എണ്ണം | = ........... |
| മിനി ബസ് | – | x 300 gms / യാത്രികരുടെ എണ്ണം | = ........... |
| വലിയ ബസ് | – | x 515 gms / യാത്രികരുടെ എണ്ണം | = ........... |
| ഡീസൽ ട്രെയിൻ | – | x 50 gms / യാത്രികരുടെ ശരാശരി എണ്ണം | = ........... |
| ഇലക്ട്രിക് ട്രെയിൻ | – | x 29 gms / യാത്രികരുടെ ശരാശരി എണ്ണം | = ........... |
| വിമാനം | – | x 180 gms / യാത്രികരുടെ ശരാശരി എണ്ണം | = ........... |
| | | ആകെ അളവ് | = ........... |

(* സഞ്ചരിച്ച കിലോമീറ്ററിനെ പുറംതള്ളപ്പെട്ട കാർബൺഡയോക്സൈഡിന്റെ അളവുകൊണ്ട് ഗുണിക്കുക. ഇതിനെ യാത്രക്കാരുടെ എണ്ണം കൊണ്ട് ഹരിച്ചാൽ കിട്ടുന്നതായിരിക്കും ഒരാളുടെ യാത്ര കൊണ്ടുണ്ടായ കാർബൺഡയോക്സൈഡിന്റെ അളവ് - അവലംബം: ഡൗൺ ടു എർത്ത്, ഗോബാർ ടൈംസ് സപ്ലിമെന്റ് ജനുവരി 1-15, 2010)

# വേനലിനെ പഴിക്കുമ്പോൾ

## ഷിനോ ജേക്കബ് കുട്ടനാട്

കത്തിക്കാളുന്ന വേനലിൽ ഉരുകിയൊലിക്കുന്ന മനുഷ്യൻ വേനലിനെ പഴിക്കുന്നു. എന്നാൽ വേനൽച്ചൂടിൽനിന്നും രക്ഷ നേടാനുള്ള പ്രകൃതിദത്ത മാർഗ്ഗങ്ങൾ മനുഷ്യർ ഉപയോഗിക്കുന്നില്ല. തന്നെയുമല്ല വേനലിൽ സ്വയം വേവാനുള്ള നടപടികൾ കൈക്കൊള്ളുകകയും ചെയ്യുന്നു. ഇടുങ്ങിയ കോൺക്രീറ്റ് മുറികളിൽ ഇരിക്കുന്നവർ ജനാലകൾ തുറന്നിടുന്നില്ല. അൽപം ശുദ്ധവായു കയറി മുറിക്കുള്ളിലെ ചൂടുവായുവിനെ പുറത്തുകളയാൻ അനുവദിക്കുന്നതിനു പകരം മറ്റു മനുഷ്യർ കയറി വരാതിരിക്കാനായി വാതിലും ജനലും കൊട്ടിയടക്കുന്നു. അടച്ചിട്ട മുറികളിൽ വെളിച്ചത്തിനായി വൈദ്യുതി വിളക്കുകൾ തെളിയിക്കുന്നത് വീണ്ടും ചൂട് കൂട്ടുന്നു. പരിഷ്കാരത്തിന്റെ ഭാഗമായി കെട്ടിടം മൊത്തം ചില്ലിട്ടു മൂടുന്നതും ചൂടു കൂടാൻ ഇടയാക്കുന്നു. പോരാഞ്ഞ് കരിയില വീഴുന്നത് ഒഴിവാക്കാൻ മുറ്റത്തെ മരം വെട്ടിക്കളയുന്നത്, ഭാവിയിൽ കെട്ടിടത്തിന് മേലേക്ക് പൊട്ടിവീഴാതിരിക്കാൻ തൈമരത്തെ പിഴുതെറിയുന്നത്...

വന്യമൃഗങ്ങളെ നോക്കുക, ചൂടു കൂടുമ്പോൾ അവ വെള്ളത്തിൽ മുങ്ങിക്കിടക്കുന്നു. തണുത്ത് മതിയാകുമ്പോൾ കയറിപ്പോകുന്നു. തോന്നുമ്പോഴൊക്കെ അവ വെള്ളം കുടിക്കുന്നു. മനുഷ്യരാവട്ടെ തണുത്ത വെള്ളം കുടിക്കാൻ കഴിയാത്ത രോഗികളും ഇടക്കൊന്ന് ശരീരം നനയ്ക്കാൻ കഴിയാത്ത കോട്ട്-സ്യൂട്ട് ധാരികളും. ഓഫീസുകളിലും മറ്റും ഇടക്കൊന്ന് ശരീരം നനയ്ക്കാനുള്ള സൗകര്യമുണ്ടെങ്കിൽ എന്തൊരാശ്വാസമാകും...! കുളിക്കുമ്പോൾ മാത്രമേ ശരീരം നനയ്ക്കൂ എന്ന വാശിയിലാണ് മനുഷ്യർ.

മനുഷ്യർ പ്രകൃതിയിൽനിന്നും വളരെയധികം അകലുകയാണ്. ആയതിനാൽ, തണുപ്പ്, മഴ, മഞ്ഞ്, വെയിൽ തുടങ്ങിയ പ്രകൃതി പ്രതിഭാസങ്ങളെല്ലാം മനുഷ്യന് അഹിതമാവുകയും ചെയ്യുന്നു.

# ചൂടിനെ പ്രതിരോധിക്കാൻ ചില വഴികൾ

- വീട്ടുപറമ്പിൽ പരമാവധി മരങ്ങൾ വളർത്തുക. തിണ്ണകളിലും ജനൽപ്പടികളിലും ചെടികൾ ചട്ടിയിൽ വളർത്തുക.
- ഓരോ പുൽനാമ്പും ചൂടിനെ തടയുമെന്നതിനാൽ പറ്റാവുന്നിടത്തെല്ലാം പച്ചപ്പിന്റെ ആവരണി നിലനിർത്തുക.
- സിമന്റ്-കൽമതിലുകളിൽ പറ്റിപ്പിടിച്ച് വളരുന്ന വള്ളികൾ പടർത്തുക.
- വഴിയോരങ്ങളിൽ മരങ്ങൾ വളർത്തുക. ഉയരമുള്ളമരം നടാൻ പ്രയാസമുള്ള സ്ഥലങ്ങളിൽ ചെറിയ ചെടികൾ നടുക.
- വീട്ടിലും ഓഫീസുകളിലും കച്ചവടസ്ഥാപനങ്ങളിലും പച്ചപ്പിന്റെ പന്തൽ വളർത്തുക. പാഷൻഫ്രൂട്ട്, കർട്ടൻപ്ലാന്റ്, ബോഗൺവില്ല എന്നിവ അനുയോജ്യമാണിതിന്.
- മുറ്റത്തെ സിമന്റ് കവചങ്ങൾ പൊളിച്ചുമാറ്റുക. വലിയ തുക ചിലവാക്കി പുല്ല് വളർത്തണമെന്നില്ല. വഴിയരികിലെ കറുകപ്പുല്ലും മുറ്റത്തു വളരും.
- വൈകീട്ട് അസ്തമനശേഷം വീട്ടിലെ ജനലുകൾ തുറന്നിടുക.
- രാത്രി കള്ളനേയും കൊതുകിനേയും പേടിച്ച് ജനൽ അടച്ചിടുന്ന ശീലം മാറ്റുക. പ്രത്യേകിച്ച് ഫാനിട്ട് അടച്ചിട്ട മുറിയിൽ കിടക്കുന്നത് നന്നല്ല. ജനലുകൾ മുകൾഭാഗം തുറന്നിടാവുന്ന രീതിയിൽ രണ്ടായി വിഭജിച്ചതാകുന്നതാണ് ഉത്തമം (പുതിയ വീടു വെക്കുന്നവർ ശ്രദ്ധിക്കുക). അതിനുപറ്റാത്തവർ നെറ്റ് പിടിപ്പിച്ചാൽ രാത്രി തുറന്നിട്ട് കിടക്കാം. ചില്ലോട് വെച്ച വീടാണെങ്കിൽ സൂര്യപ്രകാശം പകൽ മുഴുവൻ അകത്തേക്കെത്തും. പകലിൽ വെളിച്ചം ഇത്തിരി കുറഞ്ഞാലും ചില്ലോട് മറച്ചുവെക്കുന്നത് ചൂട് കുറക്കാൻ സഹായിക്കും.
- വീട്ടിലും ഓഫീസിലും പറ്റാവുന്നിടത്തെല്ലാം മൺകലത്തിൽ കുടിവെള്ളം നിറച്ചുവെക്കുന്നത് ശീലമാക്കുക.
- ജലവിനിയോഗം മിതപ്പെടുത്തുക. അടുക്കളയിലെ പാത്രം കഴുകുന്ന വെള്ളം എടുത്തുവെച്ച് ചെടികൾക്ക് നനയ്ക്കാം.
- കരിയിലകൾ, ചപ്പുചവറുകൾ എന്നിവ കത്തിച്ച് അനാവശ്യമായി താപമുണ്ടാക്കരുത്. ഇവ, ഭൂമി വെയിലുകൊള്ളാതെ തുറന്നുകിടക്കാതിരിക്കാൻ പുതയിടാൻ ഉപയോഗിക്കാം, കമ്പോസ്റ്റാക്കാം.

പ്രയോഗം

## വേനൽകാലത്തൊരു പാനീയം

### നെല്ലിക്കാ സംഭാരം

അഞ്ച് നെല്ലിക്കയെടുത്ത് കുരുകളഞ്ഞ് ചതച്ച് വെള്ളം ചേർത്ത് പിഴിയുക. ഒരു കഷ്ണം ഇഞ്ചി, പത്ത് കറിവേപ്പില എന്നിവയും അരച്ചുചേർത്ത് പത്ത് ഗ്ലാസ് വെള്ളം ഒഴിക്കാം. ഒരു ചെറുനാരങ്ങാ നീരും ആവശ്യത്തിന് ഉപ്പും ചേർത്ത് സംഭാരമായി കഴിക്കാം.

### മൺകലം ഒരു ഫ്രിഡ്ജാക്കാം

വലുപ്പമുള്ള ഒരു മൺകലമുണ്ടെങ്കിൽ പച്ചക്കറികളും പഴങ്ങളും കേടാകാതെ സൂക്ഷിക്കാൻ ഒരു നാടൻ ഫ്രിഡ്ജുണ്ടാക്കാം. മൺകലത്തിൽ അടിയിൽ ഇത്തിരി പച്ചവെള്ളം ഒഴിക്കുക. അതിനു തൊട്ടുമുകളിൽ ചെറിയ കമ്പുകളോ റീപ്പറുകളോ നിരത്തി വെള്ളത്തിൽ തട്ടാത്ത വിധം വിലങ്ങനെ ഒരു തട്ടാക്കി വെക്കുക. ഈ തട്ടിനു മുകളിൽ പഴങ്ങളും പച്ചക്കറികളും നിരത്തിവെക്കാം. ഇലകൾ (കറിവേപ്പില, ചീര, മല്ലിയില ലരേ) നനച്ച തുണിയിലോ പോളിത്തീൻ കവറിലോ പൊതിഞ്ഞുവെക്കണം. ഒരു കോട്ടൻ തുണി നനച്ച് വാവട്ടമടക്കം കലമൊന്നാകെ പൊതിയുക. ഈ തുണി ഇടയ്ക്ക് നനച്ചിടണം. കലത്തിലെ വെള്ളം വറ്റുന്നതനുസരിച്ച് ഒഴിച്ചുകൊടുക്കണം.

അഭിമുഖം

ബിജു ജോൺ/വി.ടി. മുരളി

# നാട്ടിലെങ്ങും പാട്ടായി...! എന്നാൽ പാട്ടിലെങ്ങാൻ ഈ നാടുണ്ടോ?



### വി.ടി.മുരളി

പ്രശസ്ത കവി വി.ടി.കുമാരൻ മാസ്റ്ററുടെ മകൻ. തിരുവനന്തപുരം സ്വാതിതിരുനാൾ സംഗീത കോളേജിൽ നിന്ന് ഗാനഭൂഷണവും, ചെന്നൈ ഗവൺമെന്റ് സംഗീത കോളേജിൽ നിന്ന് വിദ്വാനും പാസ്സായി. സംഗീത വേദികളിൽ സജീവം. 1979-ൽ തേൻതുള്ളി എന്ന ചിത്രത്തിലൂടെ പിന്നണി ഗായകനായി. ഓത്തുപള്ളി എന്ന ഗാനം പ്രശസ്തമാണ്. തുടർന്ന് പാടിയ മാതളത്തേനുണ്ണാൻ (ഉയരും ഞാൻ നാടാകെ), പൊന്നരളിപ്പൂവൊന്ന് (കത്തി) തുടങ്ങിയ ഗാനങ്ങൾ പ്രശസ്തങ്ങളാണ്. കേരളത്തിന്റെ നാടകവേദിയായ കെ.പി.എസി യിൽ ഗായകനായിരുന്നു. 1974-ൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ കേരള സംഗീത നാടക അക്കാദമിയുടെ ഒന്നാം സമ്മാനം ലഭിച്ചു. 2003 ൽ ഏറ്റവും നല്ല നാടകഗായകനുള്ള അവാർഡും 2007 ൽ ലളിത ഗാനാലാപനത്തിനുള്ള അവാർഡും (സംഗീത നാടക അക്കാദഡമി) ലഭിച്ചു. 2004 ൽ മാപ്പിളകലാ പഠനങ്ങൾക്കുള്ള മാപ്പിളകലാ അക്കാദമിയുടെ ചാന്ദ് പാഷ അവാർഡ് ലഭിച്ചു. പാടുക നിലാവെ, എന്ത് വേണം കൃഷ്ണ, കിളിത്തൂവൽ, ഓണപ്പാട്ടുകാർ, പിന്നെയും പിന്നെയും കാതോർത്ത് തുടങ്ങിയ ആൽബങ്ങളുടെ സംഗീത സംവിധാനം. മലയാളത്തിലെ എല്ലാ ചാനലുകളിലും പരിപാടികൾ അവതരിപ്പിച്ചിട്ടുണ്ട്. രാഗമലയാളം, സംഗീതത്തിന്റെ കേരളീയ പാഠങ്ങൾ എന്നീ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.

നാട്ടിലെങ്ങും പാട്ടായി എന്നാണ് പറയുന്നത് എന്നാൽ ഈ പാട്ടിലെങ്ങാനും നാടുണ്ടോ? എന്ന് ചോദിക്കുന്നത് ഗായകൻ വി.ടി. മുരളിയാണ്. വി.ടി. മുരളിയെ മലയാളികൾ മറക്കുന്നതെങ്ങിനെ? കുറച്ചേയുള്ളൂവെങ്കിലും ശ്രദ്ധേയമായ നിരവധി ഗാനങ്ങൾ സമ്മാനിച്ച പിന്നണി ഗായകൻ വി.ടി. മുരളി തന്റെ തനതായ പാട്ടിന്റെ വഴിയിൽ സംഗീതത്തിന്റെ ഉൾക്കാമ്പിൽതൊട്ട് ചില ചോദ്യങ്ങൾ ചോദിക്കുന്നു. ചാനലുകൾ ആഘോഷമാക്കി മാറ്റുന്ന സംഗീതപരിപാടികൾ സംഗീതത്തിന് എന്ത് സംഭാവന ചെയ്യുന്നുവെന്ന് കേവലം പിന്നണിയിലെ ഗായകൻ മാത്രമെന്ന് സ്വയം വിശേഷിപ്പിക്കുന്ന വി. ടി. മുരളി ചോദിക്കുന്നു.

2010 മാർച്ച് 18 ന് മഞ്ചേരിയിൽ ഇന്ത്യൻ അസോസിയേഷൻ ഓഫ് ലോയേഴ്സ് സംഘടിപ്പിച്ച വി.ടി. മുരളിയുടെ സംഗീതപരിപാടി ശ്യാമാംബരം ജനപ്രിയ സംഗീതത്തിന്റെ സാംസ്കാരവും രാഷ്ട്രീയവും അന്വേഷിക്കുന്ന വേറിട്ട ഒരു സംഗീത അനുഭവമായിരുന്നു. ഓത്തുപള്ളിയിൽ അന്നു നമ്മൾ , ഉയരും ഞാൻ നാടാകെ എന്ന സിനിമയിലെ മാതളത്തേനുണ്ണാൻ എന്നീ ഗാനങ്ങൾ ഉൾപ്പെടെ നല്ല കുറെ പാട്ടുകൾ വി.ടി. മുരളിയുടേതായിട്ടുണ്ട്.

ശ്യാമാംബരം എന്ന പരിപാടിയിൽ ഉപയോഗിച്ച വാദ്യ ഉപകരണങ്ങൾ തന്നെ സംഗീതപരിപാടിയുടെ സ്വഭാവം വെളിപ്പെടുത്തി. തൃശൂർ സ്വദേശി പ്രശസ്ത ഇടക്ക വിദ്വാൻ കൃഷ്ണകുമാർ ഇടക്കയും രജിസ്ട്രേഷൻ വകുപ്പിലെ ജീവനക്കാരനായ സത്യനും ചേർന്ന് സംഗീതത്തിന്റെ മാസ്മരിക പ്രപഞ്ചം തീർത്തപ്പോൾ സംഗീതത്തിന്റെ ഉൾക്കരുത്തും സൗന്ദര്യവും, വലിയ സെറ്റിംഗുകളിലും ഹൈടെക് ഓർക്കസ്ട്രകളിലും അല്ലാ എന്നു കൂടി ബോധ്യമായി. ബസ്സ്റ്റാന്റിലും റയിൽവേസ്റ്റേഷനിലുമൊക്കെ ഒറ്റക്കമ്പി വയലിൻ മാത്രം ഉപയോഗിച്ച് മഹാസിംഫണി രചിക്കുന്ന നാടോടി സംഗീതകാരൻമാരെ അറിയാതെ ഓർത്തുപോയി. സത്യത്തിൽ നമ്മുടെ സംഗീതത്തെ അത്യന്തം ആർഭാടകരമായ, കച്ചവടത്തിന്റെ പൊള്ളത്തരങ്ങളിലേക്ക് ഇന്ന് വലിച്ചു കൊണ്ട് പോയതല്ലേ എന്ന് ഓർത്തുപോയി.

'സാങ്കേതികതകളിൽ സംഗീതത്തെ കുരുക്കാൻ താൻ ഇഷ്ടപ്പെടുന്നില്ല. ഇന്ന് സംഗതികൾ എന്ന് പറഞ്ഞ് സംഗീതത്തെ വികലമാക്കുകയാണ് റിയാലിറ്റി ഷോകൾ ചെയ്യുന്നത്. ഇന്ന് കേരളത്തിൽ ആസ്വാദകരില്ലാതായി; ഉള്ളത് വിധികർത്താക്കൾ മാത്രം. കോടിക്കണക്കിന് വിധികർത്താക്കൾ തിങ്ങിപ്പാർക്കുന്ന ഒരു ഇടമായി നമ്മുടെ കൊച്ചുകേരളം മാറിക്കഴിഞ്ഞിരിക്കുന്നു. മൂന്നരക്കോടി സംഗീത വിധികർത്താക്കളുടെ സമൂഹമാണിന്ന് കേരളം. കമന്റ്സ് പറയാനും കേൾക്കാനും അമിത താൽപര്യം കേരളീയർക്ക് കൂടിവരുന്നു. വല്ല വിധേനയും ഗായകനെ ശ്വാസം മുട്ടിച്ച് കൊല്ലാനാണ് സംഗീത വിധികർത്താക്കളും അൽപജ്ഞാനം സമ്പാദിച്ച പ്രേക്ഷകരും ശ്രമിക്കുന്നത്. ശ്വാസം പിടിച്ച് പാടുന്നത് മാത്രമല്ല ഗായകന്റെ കഴിവ്. ഇന്ത്യയിലെ മികച്ച 10 ഗായകരിൽ ഒരാളായ കുമാർ ഗന്ധർവിന് ഒരു ശ്വാസകോശം മാത്രമേ ഉള്ളൂ. അദ്ദേഹത്തിന്

*ശേഷം പേജ് 9ൽ*

വാർത്താ വിശേഷം
ലിമ ന്യൂസ് ഡെസ്ക്

# കാപ്പികുടി സമരമാകുമ്പോൾ...

**വെറും കാപ്പികുടി മാത്രമല്ല; കാപ്പിയെ ജനാധിപത്യ സമരത്തിന്റെ വലിയ പ്രതീകാത്മക രൂപമാക്കി കോഫി പാർട്ടി മുന്നോട്ട്...**

ഒബാമയുടെ നികുതി നയത്തിനെതിരെ അമേരിക്കയിൽ ടീ പാർട്ടി എന്ന പേരിൽ വലിയ ജനകീയ സമരം നടക്കുന്നു. ആയിരക്കണക്കിന് പേർ പങ്കെടുത്ത പ്രക്ഷോഭ ജാഥകൾ ഓരോ തെരുവിലും നടന്നുവരുന്നു. വാഷിംഗ്ടണിലെ ഒരു സന്നദ്ധസംഘടനയായ ഫ്രീഡം വർക്സ് ആണ് ടീ പാർട്ടികൾ സംഘടിപ്പിക്കുന്നത്. ഫേസ്ബുക്ക്, ടിറ്റർ പോലുള്ള സോഷ്യൽ നെറ്റ്‌വർക്കിംഗ് സൈറ്റുകളിലൂടെയാണ് ടീ പാർട്ടികളുടെ പ്രചാരണ പരിപാടികൾ നടക്കുന്നത്. ജനകീയ മുന്നേറ്റ സമരങ്ങൾക്ക് സോഷ്യൽ നെറ്റ്‌വർക്കിംഗ് സൈറ്റുകൾ ഉപയോഗിക്കപ്പെടുന്നതിന്റെ നല്ല തെളിവുകളാണിതൊക്കെ. ഭരണകക്ഷിയായ ഡെമോക്രാറ്റുകൾക്കെതിരെ റിപ്പബ്ലിക്കൻ പാർട്ടിക്ക് കിട്ടിയ ഒന്നാം തരം വടിയാണിത് പത്രപ്രവർത്തകൻ ജോർജ് മൂഡി പറയുന്നു. 28 കാരിയായ മിസൗറി കർല തന്റെ നാലു കുട്ടികളുമായാണ് കൻസാസ് സിറ്റിയിൽ റാലിയിൽ പങ്കെടുത്തത്. ഇത് പ്രതിഷേധിക്കേണ്ട സമയമാണ്. അവർ വലിയ കമ്പനികളുടെ കടം എഴുതിത്തള്ളുകയാണ്. ഇത്തരമൊരു ലോകത്ത് എന്റെ കുട്ടികൾ വളരാൻ എനിക്കാഗ്രഹമില്ല. സോഷ്യലിസത്തിലേക്കാണ് നമുക്ക് പോവേണ്ടത് മിസൗറി കർല പറയുന്നു.

കോഫി പാർട്ടി യു.എസ്.എ ഭരണത്തിന്റെ എല്ലാ തലത്തിലും ജനപങ്കാളിത്വം ഉറപ്പുവരുത്തി ഭരണകൂടത്തെ ജനാഭിപ്രായത്തിനനുസരിച്ച് സ്വാധീനിക്കുവാൻ ലക്ഷ്യമിട്ടാണ് അമേരിക്കൻ കോഫി പാർട്ടി നിലവിൽ വന്നത്. വ്യത്യസ്ത വിഭാഗം ജനങ്ങളെ ഒന്നിച്ചണിനിരത്തുന്ന കോഫി പാർട്ടി, ടീ പാർട്ടിയെ പോലെ കേവലം നികുതിനയ വിരുദ്ധ പ്രസ്ഥാനമല്ല. മാത്രവുമല്ല ഏതെങ്കിലും ഒരു പാർട്ടിയോടും (അമേരിക്കയിലെ രണ്ട് പാർട്ടികൾ - റിപ്പബ്ലിക്കൻ പാർട്ടി, ഡെമോക്രാറ്റിക് പാർട്ടി) മമതയില്ലാതെ, സ്വതന്ത്രവീക്ഷണത്തോടെയാണ് കോഫി പാർട്ടി പ്രവർത്തിക്കുന്നത്. നിലവിലുള്ള വ്യവസ്ഥിതിയോടുള്ള മടുപ്പും പ്രതിഷേധവുമാണിത്. ഭരണത്തിൽ ജനപങ്കാളിത്വവും ജനാഭിപ്രായവും ഉൾചേർക്കുക. വൻകിട കോർപ്പറേറ്റുകൾക്കായി മാത്രം നിലകൊള്ളുന്ന ഇന്നത്തെ ഭരണത്തിനെതിരെ നൂറുകണക്കിന് കോഫി ഷോപ്പുകളിൽ സമ്മേളിച്ചാണ് പ്രസ്ഥാനം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. കോഫി പാർട്ടിക്ക് ഓരോ സ്ഥലത്തും - നമ്മുടെ നാട്ടിലെ പാർട്ടി ഓഫീസുകൾ പോലെ ഓഫീസുകൾ ഇല്ല. എല്ലായിടത്തുമുള്ള കോഫി ഷോപ്പുകളിൽ അതാതിടത്തെ ജനങ്ങൾ സമ്മേളിക്കുന്നു. ഫേസ്ബുക്ക്, ടിറ്റർ പോലുള്ള സോഷ്യൽ നെറ്റ്‌വർക്കിംഗ് സൈറ്റുകൾ ഈ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും ചെയ്യുന്നു.

> **ബോസ്റ്റൺ ചായവിരുന്ന് (ബോസ്റ്റൺ ടീ പാർട്ടി)**
>
> അമേരിക്കയിലെ ബോസ്റ്റൺ തുറമുഖത്ത് അമേരിക്കൻ കോളനിക്കാർ ബ്രിട്ടീഷ് സർക്കാരിനെതിരെ നടത്തിയ പ്രതിഷേധ സമരമാണ് ബോസ്റ്റൺ ടീ പാർട്ടി എന്ന് അറിയപ്പെട്ടത്. നികുതി ചുമത്തപ്പെട്ട മൂന്ന് കപ്പൽ തേയില കടലിൽ മുക്കിയാണ് സമരക്കാർ പ്രതിഷേധിച്ചത്. 1773 ൽ ബ്രിട്ടീഷ് പാർലമെന്റ് പാസാക്കിയ തേയില നിയമത്തിനെതിരെ അമേരിക്കൻ കോളനികളിൽ ഉടനീളം പ്രതിഷേധം ഉണ്ടാക്കിയ ഈ ചായവിപ്ലവം ആണ് അമേരിക്കൻ വിപ്ലവത്തിലേക്ക് നയിച്ച സുപ്രധാന സംഭവങ്ങളിൽ ഒന്ന്. നികുതി ചുമത്തലിനെതിരെ നടന്ന ആദ്യത്തെ ജനകീയ സമരമായിരുന്നു ഈ ചായവിരുന്ന്". ഉപ്പിന് ബ്രിട്ടീഷ് സർക്കാർ ചുമത്തിയതിനെതിരെ ഉപ്പ് സത്യാഗ്രഹം നയിച്ച ഗാന്ധിജിയുടേതും ഉപ്പ് വിരുന്ന് എന്ന് പറയാം.

## എല്ലാം വ്യത്യസ്ത ആളുകൾ

പ്രായത്തിൽ, സാമ്പത്തികമായി, തൊഴിൽപരമായി, സ്ഥലപരമായി, വംശീയമായി എല്ലാം വൈവിധ്യമുള്ളവരാണ് കോഫി പാർട്ടിയിൽ. പക്ഷേ ഒരേ ലക്ഷ്യം മാത്രം; അമേരിക്കയെ ജനാധിപത്യപരമാക്കുക! സാധാരണ ജനതയുടെ താൽപര്യം ഭരണത്തിൽ പ്രതിഫലിപ്പിക്കുക!

## 100% ഗ്രാസ്റൂട്ട്

ലോബിയിംഗ് ഇല്ലാതെ ഹിഡൺ അജണ്ടകളുമില്ലാതെ കേവലം ഭരണവിരുദ്ധമായതുമല്ലാതെ ശുദ്ധമായ ജനകീയ പ്രതിരോധം. കോർപ്പറേറ്റ് താൽപര്യങ്ങളും, മാധ്യമ താൽപര്യങ്ങളും ഭരണകൂട അജണ്ടകളാവുന്നതിനെതിരെയുള്ള 100% ശുദ്ധ ജനകീയ സമരമാണ് കോഫി പാർട്ടി മുന്നോട്ടു വെക്കുന്നത്.

അമേരിക്കയിലെ മുഖ്യധാരാ പൊളിറ്റിക്സിനോടുള്ള ബദൽ

*ബാക്കി പേജ് 8ൽ*

പുസ്തക പരിചയം

**അമ്മത്തൊട്ടിൽ (കഥകൾ)**
**ശശികുമാർ സോപാനത്ത്**



പുതിയ കാലത്തിന്റെ ജീവിതാവസ്ഥകൾ കുറഞ്ഞ വാക്കുകളിൽ ചിത്രീകരിക്കുന്ന 52 ചെറിയ കഥകൾ. നർമ്മത്തിന്റെ സ്പർശം കഥയെ കരുത്തുറ്റതാക്കുന്നു.


**വോയ്സ് പബ്ലിക്കേഷൻസ് മഞ്ചേരി**
പേജ് 80
വില 60 രൂപ

**ചില കളിനിയോഗങ്ങൾ (ലഘു നോവൽ)**
**റഹ്മാൻ കിടങ്ങയം**



ഏറനാടൻ ദേശത്തിന്റെ ജൈവ-മനുഷ്യ ബന്ധങ്ങളെ ചിത്രീകരിക്കുന്ന ലഘു നോവൽ. പ്രകൃതിയും മനുഷ്യരും ഇടകലർന്നു ജീവിക്കുന്ന ഗ്രാമ്യ ജീവിതത്തിന്റെ മനോഹരമായ ആഖ്യാനം.

**തുളുനാട് പബ്ലിക്കേഷൻസ്, കാഞ്ഞങ്ങാട്**
പേജ് 64
വില 40 രൂപ





**ജീവിതത്തിന്റെ ലളിതപാഠങ്ങൾ**

**അക്കു**

# മനസ്സിലേക്ക് ഇത്തിരി കിളിയൊച്ചകളും...

**പുലരിയിൽ ഒരു കിളിനാദം പോലും ഒപ്പിയെടുക്കാൻ കഴിയാതെ കാതുകൾ വന്ധ്യമായി ത്തീരും. പറവകൾ ചിറകടിക്കാത്ത നീലാകാശം 'ശൂന്യ'മാകും.**

പതിനെട്ടു വർഷം മുമ്പാണ്. സുഹൃത്ത് ഹമീദ് മാഷാണ് പറഞ്ഞത്. അദ്ദേഹത്തിന്റെ സുഹൃത്തിന്റെ കയ്യിലുള്ള അപൂർവ്വമായ ഗ്രാമഫോൺ ഡിസ്ക്കിനെക്കുറിച്ച്. ബേർഡ് സൗണ്ട്സ് എന്നാണ് പേര്. വെറും പാട്ടല്ല. ലോകത്തിലുള്ള വിവിധ പക്ഷികളുടെ ശബ്ദങ്ങൾ റെക്കോർഡ് ചെയ്ത അപൂർവ്വ ഗാനശേഖരം. നാഷണൽ ജ്യോഗ്രഫിക്കൽ സൊസൈറ്റി നീണ്ട പരിശ്രമങ്ങളിലൂടെ തയ്യാറാക്കിയത്. കൂടെ പക്ഷികളുടെ പേരുകളും മറ്റു വിവരങ്ങളുമടങ്ങിയ ലിസ്റ്റുമുണ്ട്..

ഈ ഗ്രാമഫോൺ ഡിസ്ക്കിന്റെ ഉടമയായ അദ്ദേഹത്തിന്റെ സുഹൃത്ത് നൗഷാദ് അരീക്കോട് നല്ലൊരു സഞ്ചാരിയാണ്. ഒരിക്കൽ യാത്രാമദ്ധ്യേ കൽക്കത്തയിൽവെച്ച് പരിചയപ്പെട്ട ഒരു വിദേശസഞ്ചാരി പിന്നീട് നൗഷാദിന് അയച്ചുകൊടുത്ത സമ്മാനമായിരുന്നു ആ ഡിസ്ക്ക്. ഇന്ത്യയിലെ സുഹൃത്തിന് ഉപഹാരമായി നിറയെ പക്ഷികളുടെ കളകൂജനങ്ങൾ! അതേക്കുറിച്ച് കേട്ടപ്പോൾ വല്ലാത്തൊരു കൗതുകം തോന്നി. ഡിസ്ക്ക് കേൾക്കാൻ കൊതിയായി. ഹമീദ് മാഷ് നൗഷാദിന്റെ പക്കൽനിന്ന് അതു കൊണ്ടുവന്നു. പഴയ ഒരു ഗ്രാമഫോൺ സംഘടിപ്പിച്ച് കേട്ടുനോക്കി. വല്ലാത്തൊരു അനുഭവമായിരുന്നു അത്. നൂറു കണക്കിന് പക്ഷികൾ (മിക്കതും യൂറോപ്പുകാർ) വ്യത്യസ്ത സന്ദർഭങ്ങളിൽ വ്യത്യസ്ത ഈണത്തിലും താളത്തിലും പുറപ്പെടുവിക്കുന്ന സംഗീതം. ഇണയെ ആകർഷിക്കുമ്പോൾ, വസന്താഗമനത്തെ വരവേൽക്കുമ്പോൾ, വിശ്രമവേളകളിലെ ഏകാന്തതകളിൽ, പറക്കുമ്പോൾ, കൂട്ടത്തോടെ സല്ലപിക്കുമ്പോൾ... ഇങ്ങനെ കുറുകലും മൂളലും നീട്ടിപ്പാടിയും രാഗവൈവിധ്യങ്ങളുടെ ഗംഭീരമായ മേളനം!

ഇന്നത്തെപ്പോലെ എളുപ്പത്തിൽ റൈറ്റ് ചെയ്ത് സ്വന്തമാക്കാൻ പറ്റുന്ന സംവിധാനങ്ങളില്ലല്ലോ. അതും ഗ്രാമഫോൺ ഡിസ്ക്കും. ഏതായാലും ഒരു സുഹൃത്ത് അല്പം പ്രയാസപ്പെട്ടാണെങ്കിലും കിളിമൊഴി കളൊന്നാകെ ഓഡിയോ കാസറ്റിലാക്കി തന്നു.

കുറച്ചു ദിവസം ആ കാസറ്റുകളിട്ട് പക്ഷിഗീതം ആസ്വദിക്കലായിരുന്നു എന്റെ പ്രധാന പണി. ടേപ്പ് റിക്കാർഡർ ഓണാക്കിവെച്ച് മറ്റു പണികളിൽ വ്യാപൃതനാകുമ്പോഴും പക്ഷിഗീതമാസ്വദിച്ചു./നിലമ്പൂരിലെ തേക്ക് മ്യൂസിയം ഉദ്ഘാടനം ചെയ്ത സന്ദർഭം! മ്യൂസിയത്തിന്റെ ചുമതല വഹിച്ചിരുന്ന വനഗവേഷണ കേന്ദ്രത്തിലെ സയന്റിസ്റ്റ് ഡോ: എൻ.സി. ഇന്ദുചൂഢൻ മ്യൂസിയത്തിലെത്തുന്ന സന്ദർശകർക്ക് കേൾക്കാൻ അനുയോജ്യമായ നേർത്ത സംഗീതം ഒരുക്കുന്നതിനെക്കുറിച്ച് സംസാരിച്ചപ്പോൾ ഞാൻ പക്ഷിഗീതം കാസറ്റിനെക്കുറിച്ച് സൂചിപ്പിച്ചു. അദ്ദേഹം അത് കോപ്പിയെടുത്ത് ഉടനെ ഉപയോഗിക്കാൻ തീരുമാനിച്ചു.

ഒരിക്കൽ വീട്ടിൽ പതിവുപോലെ ടേപ്പിൽ നിന്ന് പക്ഷിഗീതം ഒഴുകുന്ന സമയമാണ്. ജനൽചില്ലിൽ എന്തോ തട്ടുന്ന ശബ്ദം! ഞാൻ പതിയെ വാതിൽ തുറന്ന് നോക്കുമ്പോൾ ഒരു കുഞ്ഞിക്കുരുവി വന്ന് ജനൽചില്ലിൽ കൊത്തുകയും മാന്തുകയും ചെയ്യുന്നു! എന്നെ കണ്ടപാടെ അത് പറന്നുപോവുകയും ചെയ്തു. ഞാനതത്ര കാര്യമാക്കിയിരുന്നില്ല. എന്നാൽ രണ്ടു മൂന്നു തവണ കുരുവിയുടെ സാന്നിധ്യം ജനാലക്കൽ എത്തുന്നതറിഞ്ഞപ്പോഴാണ് ശ്രദ്ധിക്കുന്നത്. കുരുവി മാത്രമല്ല ഉമ്മറത്തുള്ള ഒട്ടുമാവിൻ തൈയിന്റെ ശിഖരത്തിൽ ബുൾബുളും വണ്ണാത്തിപ്പുള്ളുമൊക്കെ ഒത്തുകൂടിയിട്ടുണ്ട്. തേൻകുരുവിയും സൂചിമുഖിയുമുണ്ട്. ടേപ്പ് റിക്കാർഡറിൽ നിന്നു കേൾക്കുന്ന പക്ഷിഗീതത്തിന്റെ ശ്രോതാക്കളായാണ് ഇവരെല്ലാം എത്തിയതെന്ന് വ്യക്തം.

**ആഗ്നസ്സിന്റെ പ്രഭാതങ്ങൾ (കഥകൾ)**
**രാജൻ കരുവാരക്കുണ്ട്**



കാഴ്ചകളെ ശരിയായ അർത്ഥത്തിൽ കാണുകയും വ്യാഖ്യാനിക്കുകയും അനുഭവിപ്പിക്കുകയും ചെയ്യുന്ന ജീവിത വൈവിധ്യത്തിന്റെ പതിനാല് കഥാവിഷ്കാരങ്ങൾ

**തുളുനാട് പബ്ലിക്കേഷൻസ്, കാഞ്ഞങ്ങാട്**
പേജ് 68
വില 50 രൂപ

**ഒറ്റയാൾ നാടകത്തിലെ കഥാപാത്രങ്ങൾ (നോവൽ)**
**ടി.പി. വേണുഗോപാലൻ**



തൂവലുകൾ ഒന്നൊന്നായി കൊഴിഞ്ഞു വീഴുമ്പോഴും പുതിയ തൂവലുകൾ കിളിർത്തുവരുമെന്ന പ്രതീക്ഷയോടെ മുന്നോട്ടു പോകുന്ന ഒരു സഖാവും പുതിയ കാലത്തിന്റെ അങ്കലാപ്പിൽ കഴിയുന്ന ചെറുപ്പക്കാരായ സഹപ്രവർത്തകരും. കാലത്തെ സത്യസന്ധതയോടെ ചിത്രീകരിക്കുന്ന രാഷ്ട്രീയ നോവൽ.

**ഇൻസൈറ്റ് ബുക്സ്, കോഴിക്കോട്**
പേജ് 72, വില 50 രൂപ

പക്ഷിഗീതം ഞാൻ പതിവാക്കി. അത്ഭുതമായിരുന്നു ഫലം! മുറ്റത്തെ മാവിൻ തൈയിന്റെ കയ്യെത്തും ഉയരത്തിൽ ഒരു തേൻകുരുവി കൂടു പണിയാൻ തുടങ്ങി. കുഞ്ഞുനാരുകൾ കൊണ്ടുവന്ന് കൂടുപണിത് കുരുവി അതിൽ താമസം തുടങ്ങി. പെങ്ങളുടെ മക്കളായ വില്ലൻ സംഘത്തെ കുരുവിയെ ഉപദ്രവിക്കരുതെന്ന് ഞാൻ ചട്ടംകെട്ടി. മുട്ടയിട്ട് വിരിഞ്ഞ് കുഞ്ഞുങ്ങൾ പറക്കമുറ്റുന്നതുവരെ ആ തേൻകുരുവി കുടുംബസമേതം ഞങ്ങളുടെ കൺവെട്ടത്തിലുണ്ടായിരുന്നു. അവയുടെ ലാളിത്യമാർന്ന ജീവനഘട്ടങ്ങൾ ഞാൻ പലപ്പോഴായി ക്യാമറയിൽ പകർത്തുകയും ചെയ്തു.

ടേപ്പ് റിക്കാർഡിലെ പക്ഷിഗീതവും പക്ഷികുലത്തിന്റെ സാമീപ്യവും ഒരു യാദൃശ്ചികതയായി ഞാൻ കരുതി വരുമ്പോഴാണ് നിലമ്പൂരിലെ തേക്ക് മ്യൂസിയത്തിനകത്തേക്കും ധാരാളം പറവകൾ വരുന്ന കാര്യം ഇന്ദുചൂഢൻസാർ പറയുന്നത്. പറവകളിലൊന്ന് മ്യൂസിയത്തിനകത്ത് കൂടൊരുക്കുകയും ചെയ്തുവത്രെ!

യൂറോപ്യൻ രാജ്യങ്ങളിൽനിന്നും അമേരിക്കയിൽനിന്നുമൊക്കെയായി പകർത്തിയ പക്ഷികളുടെ ഭാഷ ഇങ്ങിവിടെ നിലമ്പൂരിലും എടവണ്ണയിലുമൊക്കെയുള്ള പക്ഷികൾക്ക് ഗ്രഹിക്കാൻ കഴിയുന്നു! പ്രകൃതിയുടെ സാർവ്വലൗകിക ഭാഷയുടെ സ്വീകാര്യത വിസ്മയകരം തന്നെ!

പക്ഷിഗീതം സുഹൃത്തുക്കളൊക്കെ കൊണ്ടുപോയി കൈമോശം വന്നുപോയി. എങ്കിലും ഓർമ്മയിലിപ്പോഴും ആ കിളിനാദങ്ങളും അവയിൽ ആകൃഷ്ടരായി വന്ന കുഞ്ഞിക്കുരുവികളുമുണ്ട്.

നമ്മുടെയൊക്കെ ജീവിതപരിസരങ്ങളിൽ നിന്ന് പക്ഷികളുടെ കുറുകലും ശലഭങ്ങളുടെ നേർത്ത ചിറകടിയുമൊക്കെ നഷ്ടപ്പെടുന്നതിനെക്കുറിച്ച് ആലോചിക്കുമ്പോൾ വേദന തോന്നുന്നു.

മനുഷ്യനും അവന്റെ യന്ത്രയാങ്കേതികതയുടെ ഇരമ്പലും മാത്രമുള്ള ലോകം എത്ര ഊഷരമാണ്! മനുഷ്യജീവിതം സൗഖ്യമാക്കി തീർക്കാനുള്ള ആധുനിക യന്ത്രസാങ്കേതികതകൾ കിളികുലജാലങ്ങളെയോ ശലഭങ്ങളെയോ പരിഗണിക്കാതെയാണ് വികസിക്കുന്നത്. മൊബൈൽ ടവറുകളും വൈദ്യുതലൈനുകളും അംബരചുംബികളായ കോൺക്രീറ്റ് സൗധങ്ങളും പറവകളുടെ ആകാശസഞ്ചാരത്തിന് മാർഗതടസ്സങ്ങളാകുന്നു. മുട്ടയിട്ട് വംശം നിലനിർത്താനുള്ള പക്ഷികളുടെ ജീവനസ്വാതന്ത്ര്യത്തെ യന്ത്രതരംഗങ്ങൾ തകർത്തുകളയുന്നു./ അങ്ങാടിക്കുരുവികൾ, ഗ്രാമങ്ങൾ അങ്ങാടികളായി വളർന്നപ്പോൾ പ്രതികൂലനങ്ങളെ ഉപയോഗപ്പെടുത്തി ജീവിതം മുന്നോട്ടു കൊണ്ടുപോയവരാണ്. പുതിയ പട്ടണസംവിധാനങ്ങൾ ഈ കുഞ്ഞിക്കുരുവികളുടെ വംശത്തേയും നാമാവശേഷമാക്കിയിരിക്കുന്നു.

പുലരിയിൽ ഒരു കിളിനാദം പോലും ഒപ്പിയെടുക്കാൻ കഴിയാതെ കാതുകൾ വന്ധ്യമായിത്തീരും. പറവകൾ ചിറകടിക്കാത്ത നീലാകാശം 'ശൂന്യ'മാകും. ഇവിടെ കിളികളുണ്ടായിരുന്നതിൻ സാക്ഷ്യമായ് ഒരു മൊബൈൽ ഫോണിൻ ട്യൂണു മാത്രം മതി.. എന്ന് പി.പി. രാമചന്ദ്രന്റെ കവിതാവരികൾ മാറ്റി ചൊല്ലേണ്ട അവസ്ഥയിലാകും.

വിരിഞ്ഞിറങ്ങുന്ന കിളിക്കുഞ്ഞ് മുട്ടയിലേക്ക് തിരിഞ്ഞുനോക്കുംപോലെ നാം ഇടക്കെങ്കിലും പ്രകൃതിയിലേക്ക്, ചവിട്ടിനിൽക്കുന്ന മണ്ണിലേക്ക്, ചുറ്റുപാടുകളിലേക്ക് തിരിഞ്ഞുനോക്കേണ്ടിയിരിക്കുന്നു.

കോംഗോയിലെ ഗോത്രസമൂഹത്തിനിടയിൽ പ്രചാരത്തിലുള്ള ഒരു നാടോടിക്കഥയുണ്ട്. പാട്ടുപാടുന്ന കിളിയെ സ്നേഹിക്കുന്ന കുട്ടിയും അമ്മയും. അവർ കിളിയുടെ പാട്ടിൽ ലയിച്ചുനിൽക്കേ ക്രൂരനായ അച്ഛൻ വന്ന് കിളിയെ പിടിച്ച് കൊന്നുകളയുന്നു. അതോടെ ഭൂമിയിൽനിന്ന് പാട്ട് അപ്രത്യക്ഷമാകുന്നു. കിളിയെ കൊന്ന ആ മനുഷ്യൻ മരിച്ചുപോവുകയും ചെയ്യുന്നു. പ്രകൃതിയുടെ മൃദുലഭാവങ്ങൾ നെഞ്ചേറ്റുന്ന ബാല്യ-സ്ത്രൈണതകൾ മനുഷ്യമനസ്സിൽ നിന്ന് വറ്റി പൗരുഷഭാവം മാത്രം ബാക്കിയാകുമ്പോൾ മനസ്സ് സംഗീതം നിലച്ച് വരണ്ടുണങ്ങുന്നു. കിളിപ്പാട്ടുകളില്ലാത്ത ലോകം ജഡമായിത്തീരുന്നു.

ഋതുഭേദങ്ങളുടെ താളൈക്യം തകർത്ത് വസന്തത്തെ വിമൂകമാക്കുന്ന മനുഷ്യ ജീവിതത്തിന്റെ പാരിസ്ഥിതിക ആഘാതങ്ങളുടെ പരുഷതകൾ കുറച്ചുകൊണ്ടുവരികയും ജീവിതത്തിലേക്ക് പക്ഷിഗീതങ്ങൾ കൊണ്ടുവരികയും ചെയ്യേണ്ടത് ഇന്നത്തെ അടിയന്തിരമായ ആവശ്യമാണ്.

*പേജ് 6 തുടർച്ച*

**ആണ് ടീ പാർട്ടിയെപ്പോലെ കോഫീ പാർട്ടിയും. വെറും 6 ആഴ്ച മുമ്പ് ഡോക്യുമെന്ററി സംവിധായകയായ അന്നാബെൽ പാർക്ക് തന്റെ സോഷ്യൽ നെറ്റ്‌വർക്ക് സൈറ്റിലൂടെ തുടക്കമിട്ട കോഫി പാർട്ടി, മുപ്പത് അമേരിക്കൻ സംസ്ഥാനങ്ങളിലായി 126,000 അംഗങ്ങളെയാണ് ഇതിനകം പ്രസ്ഥാനത്തിൽ ചേർത്തിരിക്കുന്നത്. നിലവിലുള്ള ഒരു പാർട്ടിയുമായും ഒരു തരത്തിലും സന്ധി ചെയ്യാതെ ഒരു പ്രത്യേക പക്ഷവും പിടിക്കാതെ ജനപക്ഷത്ത് മാത്രം നിലയുറപ്പിക്കാനാണ് കോഫി പാർട്ടിയുടെ ശ്രമമെന്ന് പാർക്ക് പറയുന്നു. കഴിഞ്ഞ വർഷം നിലവിൽ വന്ന ടീ പാർട്ടിയുമായി ചില കാര്യങ്ങളിൽ സാമ്യമുണ്ടെങ്കിലും ജനങ്ങൾക്കു കൂടി പങ്കാളിത്തമുള്ള ശരിയായ ജനാധിപത്യം എന്ന ആശയത്തിന് വേണ്ടിയാണ് കോഫി പാർട്ടി നിലകൊള്ളുന്നത്.**

ടീ പാർട്ടി ഗവൺമെന്റിന്റെ സാമ്പത്തിക നയങ്ങളെ പ്രത്യേകിച്ച് നികുതി നയത്തേയും മറ്റും പ്രതിരോധിക്കുമ്പോൾ കോഫി പാർട്ടി സർക്കാരിനെ ജനകീയ പങ്കാളിത്തത്തോടെയുള്ള യഥാർത്ഥ ജനാധിപത്യ വൽക്കരണത്തിന് പ്രേരിപ്പിക്കുന്ന ജനകീയ സമരത്തിന് നേതൃത്വം നൽകുന്നു.

ഇന്ന് അമേരിക്ക നേരിടുന്ന പ്രധാന പ്രശ്നം ജനങ്ങളെ, പ്രത്യേകിച്ച് സാധാരണക്കാരനെ മുഖവിലയ്ക്കെടുക്കാത്ത സർക്കാർ നയമാണ്. വൻകിട കോർപ്പറേറ്റ് ശക്തികളുടെ താൽപര്യത്തിനായാണ് സർക്കാർ ശ്രമിക്കുന്നത്. അമേരിക്കൻ മാധ്യമ സമൂഹവും സാധാരണ പൗരന്റെ പ്രശ്നങ്ങളിൽ നിന്ന് മുഖം തിരിക്കുന്നു. അമേരിക്കൻ ഭരണകൂടവും അമേരിക്കൻ മീഡിയയും ജനാഭിപ്രായങ്ങളെ, ജനാഭിലാഷങ്ങളെ പ്രതിനിധീകരിക്കുന്നില്ല - കോഫി പാർട്ടി സ്ഥാപക അന്നാബെൽ പാർക്ക് തന്റെ വെബ്സൈറ്റിലൂടെ പറയുന്നു.

ബ്രിട്ടീഷ് അധിനിവേശകാലത്ത് ബ്രിട്ടനിൽനിന്ന് ഇറക്കുമതി ചെയ്ത ചായ പായ്ക്കറ്റുകൾ കപ്പലോടെ കടലിൽ തള്ളിയ അമേരിക്കൻ വിപ്ലവ കാലത്ത് കാപ്പി ദേശീയ പാനീയമായി പ്രഖ്യാപിക്കപ്പെട്ടിരുന്നു. കാപ്പിയാണ് പരിഹാരം എന്ന് അന്ന് വിലയിരുത്തപ്പെട്ടു. കാപ്പി അദ്ധ്വാനിക്കുന്നവർക്ക് ആശ്വാസമാണ്. ജനാധിപത്യത്തെ അർത്ഥവത്താക്കണമെങ്കിൽ ജനം കൂടുതൽ അദ്ധ്വാനിക്കണം എന്നതിന്റെ പ്രതീകമാണ് കോഫി എന്ന് അന്നാബെൽ പാർക്ക് കരുതുന്നു. പക്ഷപാതം വന്ന് തളർന്ന രൂപത്തിലാണ് ഇന്നത്തെ അമേരിക്കൻ ജനാധിപത്യം. രണ്ട് പാർട്ടി വ്യവസ്ഥ കാലഹരണപ്പെട്ടു. രണ്ട് ടീമുകൾ ചേർന്ന് കളിക്കുന്ന ഫുട്ബോൾ കളി പോലെയാണിത്. കേവലം രണ്ട് സൈഡ് മാത്രമുള്ള ഈ ജനാധിപത്യം ഇനി അമേരിക്കക്കു വേണ്ട . കോഫി പാർട്ടി നിലനിൽക്കുന്നതിന്റെ പശ്ചാത്തലം പാർക്ക് വിവരിക്കുന്നു. ഇക്കഴിഞ്ഞ മാർച്ച് 13 ന് രാജ്യവ്യാപകമായി 400 ഓളം കോഫി ഷോപ്പുകളിൽ സമ്മേളിച്ച കോഫി പാർട്ടി പ്രവർത്തകർ ദേശീയ കോഫി ദിനം ആചരിച്ചു. ഒപ്പം പുതിയ ജനപങ്കാളിത്തത്തോടെയുള്ള ജനാധിപത്യ മുന്നേറ്റ സമരപ്രഖ്യാപനം നടത്തി.

വെറും കാപ്പികുടി മാത്രമല്ല; കാപ്പിയെ ജനാധിപത്യ സമരത്തിന്റെ വലിയ പ്രതീകാത്മക രൂപമാക്കി കോഫി പാർട്ടി മുന്നോട്ട്...

കവിത

പി.പി. രാമചന്ദ്രൻ

# പരമാർത്ഥം

ടീച്ചർ ടീച്ചർ
ഞങ്ങളെയിനിമേൽ
ചീത്ത വിളിക്കാൻ നോക്കേണ്ട
മൂക്കിൽക്കണ്ണട
മീതെക്കൂടി
നോക്കിപ്പേടിപ്പിക്കേണ്ട
ടീച്ചർ ക്ലാസ്സിൽ-
പ്പറഞ്ഞ നുണകൾ
നാട്ടിൽ മുഴുവൻ പാട്ടായി
നദിയിൽ ജലമൊഴു-
കുന്നുണ്ടത്രേ
മലകളിലെങ്ങും കാടത്രേ
ഇടവപ്പാതിയി-
ലെല്ലാടത്തും
ഇടതടവില്ലാമഴയത്രേ
കൃഷിചെയ്തീടാ-
നത്രേ വയലുകൾ
കുടിവെച്ചീടാനല്ലത്രേ
കേരളമെന്നാൽ
ദൈവംതന്നുടെ
കേളിപ്പെട്ടൊരുനാടത്രേ
ഇതുപോൽ മുത്തൻ
നുണകൾ പറഞ്ഞി-
ട്ടിനിയും വിഡ്ഢികളാക്കേണ്ട
ഇരുകണ്ണാലേ
ഞങ്ങൾ കാണും
പരിസരമാണേ പരമാർത്ഥം.

കവിത

ടി. ഗോപി

# ചെറുമീനുകൾ പറഞ്ഞത്

വലിയ മീനുകളുടെ ഇരകളാണ്
ചെറിയ മീനുകളെന്ന കടൽ നിയമത്തെ
ചെറുക്കുമെന്ന്
ചെറുമീനുകൾ പറഞ്ഞു.

കടലിലെ
കാടൻ നിയമങ്ങളെല്ലാം
കരയിലെ കമ്മട്ടത്തിലാണടിച്ചതെന്നും
മനുഷ്യനാണതിന്റെ പിന്നിലെന്നും
ചെറുമീനുകൾ ആരോപിച്ചു.

സ്രാവുകൾ
സഹസ്രം ചെറുമീനുകൾക്ക് മുന്നിലൊന്നുമല്ലെന്നും
ചെറുമീനുകൾ വിളിച്ചുപറഞ്ഞു.

വൻ സ്രാവുകളെ ശിരച്ഛേദം ചെയ്ത്
വൻ തിരമാലപോലെ
ഒന്നിച്ചൊന്നായി
കര കീഴടക്കുമെന്നും
കമ്മട്ടം അടിച്ചുതകർക്കുമെന്നും
ചെറുമീനുകൾ പ്രഖ്യാപിച്ചു.

*പേജ് 5 തുടർച്ച*

ചെറിയ അളവിൽ മാത്രമേ ശ്വാസം പിടിക്കാൻ കഴിയൂ. മുറിച്ച് മുറിച്ച് പാടുന്ന അദ്ദേഹം ഇന്ത്യയിലെ മികച്ച ഗായകനായില്ലേ. സംഗീതം കേവലം ഒരു റിയാലിറ്റി ഷോയ്ക്കു വേണ്ടിയുള്ളതുമാത്രമല്ല. സംഗീതം സംസ്ക്കാരമാണ്, ജീവിതമാണ്, അതിൽ രാഷ്ട്രീയവും വിമോചനവും ഉണ്ട്. സാഹിത്യവും ഭാഷയും സംഗീതത്തെ സമ്പുഷ്ടമാക്കുന്നു'. ഇങ്ങനെ സംഗീതത്തിന്റെ പ്രാഥമികമായ സാംസ്കാരികമാനങ്ങളെ കുറിച്ച് മുരളി സംസാരിച്ചു. ഒപ്പം ഉദാഹരണങ്ങളായി ഗാനങ്ങളും കവിതകളും.

ഇതു ഭൂമിയാണ് എന്ന കെ.ടി. മുഹമ്മദിന്റെ നാടകത്തിലെ പ്രശസ്തമായ ഗാനത്തോടെയാണ് 'ശ്യാമാംബരം' തുടങ്ങിയത്. ഇത് ഭൂമിയാണ് എന്നത് കെ.ടിയുടെ ഒരു നാടകത്തിന്റെ പേര് മാത്രമല്ല, കെ.ടിയുടെ എല്ലാ രചനകളും നമ്മോട് പറയുന്നത് ഇത് ഭൂമിയാണ് എന്നാണ്. കയിലുകൾ പിടിക്കുന്ന കൈകളിൽ കൊടികളുയരുന്നു എന്ന് പറയുന്ന കെ.ടി വി.ടിയേയും കടത്തിവെട്ടുന്നു. ഭാഷയും സാഹിത്യവും സംഗീതത്തെ പുഷ്ടിപ്പെടുത്തുന്നതും ഉദാഹരണസഹിതം മുരളി വിവരിച്ചു. അരികിൽ നീ ഉണ്ടായിരുന്നെങ്കിൽ എന്ന ഗാനത്തിന് സംഗീതം നൽകിയപ്പോൾ ദേവരാജൻ മാസ്റ്റർ അരികിൽ എന്ന വാക്കിന് സംഗീതം നൽകിയത് അടുത്ത് എന്ന പ്രതീതി ഉണ്ടാക്കുന്ന വിധത്തിലായിരുന്നു. അകലെ അകലെ നീലാകാശം എന്ന ഗാനത്തിന് ബാബുരാജ് സംഗീതം നൽകിയപ്പോൾ അകലെ എന്ന വാക്കിനെ അകലം അനുഭവപ്പെടുന്ന വിധത്തിലുള്ള ഭാവം സംഗീതത്തിലൂടെ നൽകി. എന്നാൽ ഇന്ന് അകലെ എന്ന വാക്ക് ഉപയോഗിക്കുമ്പോൾ ഇത്തരം ഫീൽ ഉണ്ടാക്കാൻ സംഗീതസംവിധായകർക്ക് കഴിയുന്നില്ല. വാക്കിന്റെ ഭാവം അറിഞ്ഞ് സംഗീതം അതായിരുന്നു മുമ്പ്. ഓത്തുപള്ളിയിൽ അന്ന് നമ്മൾ എന്ന ഗാനം മാപ്പിളപ്പാട്ടാക്കുന്നത് അതിൽ ഓത്തുപള്ളി, മൊല്ലാക്ക എന്നീ പദങ്ങൾ ഉള്ളതുകൊണ്ടല്ല. അതിൽ മുസ്ലീം ബിംബമായി അതിലെ സംഗീതമാണ് അതിനെ മാപ്പിളപ്പാട്ടാക്കുന്നത്. സംഗീതമാണ് ഒരു സംസ്ക്കാരത്തെ, ഒരു ഭൂവിഭാഗത്തെ ആവിഷ്ക്കരിക്കുന്നത്. ബംഗാളി സംസ്ക്കാരത്തെ, കലയെ അനുഭവിപ്പിക്കുന്നതാണ് രബീന്ദ്രസംഗീതം. സംഗീതസംവിധായകൻ രവീന്ദ്രന്റെ ഓർമ്മയിൽ എഴുതിയ പുസ്തകത്തിന് രവീന്ദ്രസംഗീതം എന്ന പേര് നൽകിയത് രവീന്ദ്രസംഗീതം എന്ന മഹത്തായ സംഗീത പാരമ്പര്യത്തെ അപമാനിക്കുന്നതാണ്.

സംഗീതം കേവല ആസ്വാദനത്തിന്റെ തലത്തിനപ്പുറം സാംസ്കാരിക അനുഭവം കൂടിയാകുന്നത് വി.ടി. മുരളി തന്റെ സംഗീതപരിപാടിയിലൂടെ സാധ്യമാക്കി. ഓത്തുപള്ളി എന്ന മാപ്പിളഗാനത്തിന് ക്ഷേത്രകലാവാദ്യമായ ഇടയ്ക്ക വായിച്ചത് സാംസ്കാരിക വിനിമയത്തിന്റെ അത്ഭുതകാഴ്ചയായി. വലിയ സാങ്കേതിക സന്നാഹങ്ങളില്ലാതെ കേവലം കീബോർഡും, ഇടയ്ക്കയും മാത്രം ഉപയോഗിച്ചും സംഗീതത്തിന്റെ ആഘോഷം തീർക്കാം എന്ന അറിവും ആസ്വാദകർക്ക് ലഭിച്ചു. കിബോർഡിലെ പ്രി റിക്കാർഡഡ് താളങ്ങൾ ഒട്ടും ഉപയോഗിക്കാത്തതും ശ്രദ്ധേയമായി. ശരിയായ സംഗീത ആസ്വാദനവും അഭ്യസിക്കേണ്ട കല തന്നെയാണ് എന്ന തിരിച്ചറിവ് പലർക്കും ഉണ്ടായി. പ്രതീക്ഷിച്ച നിലവാരം ഇല്ലാത്തതിന്റെ പേരിൽ ചില ആസ്വാദകർ സംഘാടകരെ ചീത്തവിളിക്കുന്നതും കേട്ടു. സംഗീതപരിപാടി പോലെ തന്നെ ആസ്വാദകരുടെ പ്രതികരണവും നമ്മെ പലതും പഠിപ്പിക്കുന്നുണ്ട്.

ലിമാ ഫീച്ചേഴ്സ്

# പുതിയ കാലത്തെ വീട്ടമ്മ സംസാരിക്കുന്നു

**പുതിയ കാലത്ത് ഉപയോഗിക്കുന്ന സാധനങ്ങളുടെ വിലയനുസരിച്ച് മാന്യതയും അംഗീകാരവും തീരുമാനിക്കപ്പെടുന്നു. ഈ മനോഭാവത്തിന് ഏറ്റവും വലിയ ഇരകളാക്കപ്പെടുന്നത് സ്ത്രീയാണ്. വിലപിടിപ്പുള്ള സാരി, കോസ്റ്റ്യൂമുകൾ, ആഭരണങ്ങൾ ഇവ മധ്യമർഗ്ഗ സമൂഹത്തിൽ സ്ത്രീയുടെ അളവുകോലായി മാറുന്ന കാഴ്ചയാണ് കുടുംബസദസ്സുകളിലും, പൊതുസ്ഥലത്തും, തൊഴിലിടങ്ങളിലും കാണുന്നത്. വിലക്കയറ്റം, വരുമാനക്കുറവ്, തുടങ്ങിയവ പലപ്പോഴും തൊഴിലില്ലാത്ത വീട്ടമ്മയെ തളർത്തുന്നു. സ്വന്തം നിലയിൽ ഉപഭോഗത്തിലെ ശ്രദ്ധയും നിലപാടും കൊണ്ട് അതിജീവനത്തിന് ശ്രമിക്കുന്ന വീട്ടമ്മമാർ സംസാരിക്കുന്നു.**

### ഈ ലക്കത്തിലെ വീട്ടമ്മ

**ബിന്ദു ശിവദാസ്, വയസ് : 30, വിദ്യാഭ്യാസം : ബിരുദം, തൊഴിൽ : ഇല്ല**

## 'നേരം വെളുക്കാതിരുന്നെങ്കിൽ...!'

**തൊഴിലില്ലാത്തത് ബുദ്ധിമുട്ടായി തോന്നിയിട്ടുണ്ടോ?**
ഭർത്താവിന്റെ വരുമാനം (ചിലപ്പോൾ വരുമാനമില്ലായ്മയും) മാത്രം ആശ്രയിച്ച് കുടുംബകാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോവാൻ പ്രയാസമാണ്. സമപ്രായക്കാരായ ഉദ്യോഗസ്ഥരായ മറ്റു വനിതകൾ പലപ്പോഴും ആർഭാടപൂർവ്വം സാധനങ്ങൾ വാങ്ങിക്കൂട്ടുകയും മറ്റും ചെയ്യുമ്പോൾ അത് പോലെ ചെയ്യണം എന്ന തോന്നലുകൾ ഇല്ലാത്തതിനാൽ പ്രശ്നമില്ല. വരുമാനം ഇഷ്ടം പോലെയുള്ളതിനാൽ ധാരാളം ചിലവാക്കി പ്രശ്നത്തിൽ പെടുന്നതാണ് പലരുടേയും അനുഭവം. തുണിക്കടയിലും സ്വർണ്ണക്കടയിലും എത്രമാത്രം കയറിയിറങ്ങുന്നുവോ അത്രയും കബളിപ്പിക്കപ്പെടും എന്നാണ് അനുഭവം. അപ്പോൾ വരുമാനമില്ലാത്തതും അനുഗ്രഹമാകുന്നു. അധികം ചിലവാക്കണ്ടല്ലോ !

**ചെലവു കുറക്കാൻ സ്വന്തമായ മാർഗ്ഗങ്ങൾ സ്വീകരിക്കാറുണ്ടോ?**

ഉള്ള വരുമാനം കൊണ്ട് ചിലവു ക്രമീകരിക്കാൻ ശ്രമം നടത്തും. ഇത് അടുക്കളയിൽ നിന്നുതന്നെ തുടങ്ങും. എന്തെങ്കിലും കറികൾ ഉണ്ടാക്കാൻ ഇന്ന പച്ചക്കറികൾ, ഇന്ന പലവ്യഞ്ജനങ്ങൾ തന്നെ വേണമെന്ന നിർബന്ധമില്ല. വെറും ഉള്ളിയും പരിപ്പും മാത്രം ഉപയോഗിച്ചും സാമ്പാർ വെക്കാം. അയൽപക്കത്തും മറ്റും ഒരു കറി വെക്കാൻ വേണ്ട വിഭവങ്ങൾ ഉണ്ടായിട്ടും കൂടുതൽ പെർഫക്ഷനുവേണ്ടി, കൂടുതൽ രുചിക്കുവേണ്ടി ഭർത്താക്കന്മാരെ കടയിലേക്ക് ഓടിക്കുന്നത് കാണാറുണ്ട്. ഉള്ളതുകൊണ്ട് നല്ല വിഭവം ഒരുക്കാൻ അൽപം ശ്രദ്ധയുണ്ടായാൽ മതി. പണവും വ്യയവും ലാഭിക്കാം. എണ്ണയിൽ കടുകു വറുത്ത് ചേർക്കാതെയും അത്യാവശ്യം വേണ്ട ഒരു ചേരുവ ഇല്ലാതെയും, ഇല്ലാത്ത ചേരുവയ്ക്ക് പകരം ലഭ്യമായ ചേരുവ ഉപയോഗിച്ചും വിഭവം ഉണ്ടാക്കാം. സാമ്പാർ വെക്കാൻ ഇന്ന ചേരുവ, അവിയൽ വെക്കാൻ ഇന്ന പച്ചക്കറികൾ എന്നിങ്ങനെയുള്ള ക്ലാസിക്കൽ പാചക സങ്കല്പങ്ങൾ പൊളിച്ചെഴുതാൻ അൽപം ഇന്നവേറ്റീവ് ആയാൽ മതി.

**ഊർജ്ജലാഭം പോലെയുള്ള കാര്യങ്ങളിൽ ശ്രദ്ധിക്കാറുണ്ടോ?**

തെർമൽ കുക്കർ പോലെയുള്ള സംവിധാനങ്ങൾ ഉപയോഗിച്ചാൽ ഊർജ്ജലാഭം കുറയ്ക്കാം. ചില നേരങ്ങളിൽ അടുപ്പ് ഉപയോഗിക്കാത്ത വിഭവങ്ങൾ ഉണ്ടാക്കാം (അവിൽ നനച്ചത്, സാലഡുകൾ, ബ്രഡും ജാമും). ഫ്രിജറേറ്റർ തന്നെ അത്യാവശ്യ സമയത്ത് മാത്രം ഉപയോഗിച്ച് വൈദ്യുതി ലാഭിക്കാം. പുകയില്ലാത്ത അടുപ്പ് ശീലമാക്കിയാൽ അതുവഴിയും പാചകവാതകം സേവ് ചെയ്യാം (കോപ്പൻ ഹേഗൻ ഉച്ചകോടിക്കാർ പൊറുക്കട്ടെ).

**ധാരാളികളുടെ കാലത്ത് പിശുക്കു കാട്ടി ജീവിക്കുമ്പോൾ ബുദ്ധിമുട്ടുകൾ?**

ചെറിയ കുട്ടികളെ വളർത്തുന്നവർ വലിയ തോതിൽ പണം മുടക്കുന്നത് കുട്ടികളുടെ സാനിട്ടറി നാപ്കിനുകൾ വാങ്ങുമ്പോഴാണ്. ദിവസം മുഴുവൻ; രാത്രി ഉറങ്ങുമ്പോഴും നാപ്കിനുകൾ ധരിപ്പിക്കുക പുതിയ ശീലമാണ്. ഇതിന്റെ ആരോഗ്യപ്രശ്നങ്ങൾ വിദ്യാസമ്പന്നരായവർ പോലും ചിന്തിക്കുന്നില്ല (സാമ്പത്തിക വശം പിന്നെ പ്രശ്നമില്ലല്ലോ). പൊതുസ്ഥലത്ത്, ദേവാലയങ്ങളിൽപോലും ഉണ്ണിമൂത്രം ഒരു തുള്ളി വീണാൽ ചുറ്റുമുള്ളവരുടെ കണ്ണ് ഉരുളും. അപഹാസത്തിന്റെ അമർത്തിച്ചിരി ഉയരും. ഈ കാലത്തും ഇവറ്റകൾക്ക് നേരം വെളുത്തില്ലേ എന്ന് അടക്കിപ്പറയും. സമൂഹത്തിന് നേരം വെളുക്കുക എന്നാൽ കൃത്രിമ ജീവിതരീതികൾ സ്വീകരിക്കുക എന്നാണല്ലോ! പ്ലാസ്റ്റിക് ആവരണം കൊണ്ട് കുഞ്ഞിന്റെ ഏറ്റവും സെൻസിറ്റീവ് ആയ ഭാഗം പൊതിഞ്ഞ് വീർപ്പുമുട്ടിക്കുന്നതും മറ്റും ആണ് നേരം വെളുക്കുന്നതിന്റെ ലക്ഷണമെങ്കിൽ ദൈവമെ! നേരം വെളുക്കാതെയിരിക്കട്ടെ എന്ന് പ്രാർത്ഥിച്ചുപോവുന്നു.

അൽപം കേടുവന്ന തുകൽചെരുപ്പ് നന്നാക്കാൻ ചെരുപ്പുകുത്തിയെ സമീപിക്കുമ്പോൾ തുന്ന് വിട്ട വസ്ത്രം ശരിയാക്കാൻ തയ്യൽക്കടയിൽ ചെല്ലുമ്പോൾ, വില അറിഞ്ഞുകഴിയുമ്പോൾ അയ്യോ! എന്നാൽ പകുതി മതി എന്ന് കടക്കാരനോട് പറയുമ്പോൾ, വലിയ ബാഗും സഞ്ചിയുമായി നടന്നു വരുമ്പോൾ അടുത്തെത്തുന്ന ഓട്ടോക്കാരനോട് നടന്നോളാം എന്ന് പറയുമ്പോഴൊക്കെ ഇന്നത്തെ സാഹചര്യത്തിൽ കൊടിയ നിന്ദയും പരിഹാസവും ആണ് ലഭിക്കുന്നത്.

ചെറിയ വരുമാനത്തിനനുസരിച്ച് ഒതുങ്ങി ജീവിക്കുന്നത് കുടുംബത്തിലും സമൂഹത്തിലും നിന്ദാമാർഗ്ഗമായ കാര്യമാണ്. ചിലവു ചുരുക്കി ജീവിക്കുന്നവൻ എന്തോ മോശമായ കാര്യം ചെയ്യുന്നവനാണ് എന്ന ഒരു വിചാരം സമൂഹത്തിൽ ശക്തിപ്പെട്ടിരിക്കുന്നു.

ഇത്തരം അപഹാസങ്ങൾ കാര്യമാക്കാതെ കൂടുതൽ ചിലവാക്കാതെയും സന്തോഷം കൈവരിക്കാം എന്ന ചിന്തയോടെ അൽപം ശ്രദ്ധയും, ചിട്ടയും ഉണ്ടെങ്കിൽ തൊഴിലില്ലാത്ത അൽപവരുമാനക്കാരിയായ കുടുംബസ്ഥയ്ക്കും സന്തോഷകരമായി ജീവിക്കാം. ഒരുപാട് വ്യയം ചെയ്യാതെ ജീവിച്ചാൽ അത്രയ്ക്ക് മാലിന്യവും കുറയ്ക്കാം. ഒരു തരിവറ്റും നഷ്ടമാക്കുന്നില്ല എന്ന ഉറപ്പോടെ ജീവിക്കുക എന്നതാണ് ഏറ്റവും മഹത്തായ കാര്യം.

വളച്ചുകെട്ടില്ലാതെ

മുജീബ് ചെമ്മല

# സെയിൽസ് എക്സിക്യൂട്ടിവെന്ന യുവകെണി

കയ്യിൽ ഒന്നോ രണ്ടോ മൊബൈൽ, ബാങ്ക് പലിശയ്ക്കു വാങ്ങിയ ഒരു ബൈക്ക്, കമ്പനിവക ഒരു ഫ്രീ സിമ്മും ബാഗും. ഏത് ടൗണിലും ഗ്രാമങ്ങളിലും വരെ കണ്ടുവരുന്ന യുവാക്കളുടെ പരിചിതമുഖം. കമ്പനി ചാർത്തി നൽകിയ ഇംഗ്ലീഷ് നാമം സെയിൽസ് എക്സിക്യൂട്ടീവ്. ക്ലീൻ ഷേവ് ചെയ്ത് പാന്റും ഷൂവും ധരിച്ച് വരുന്ന ഇവരുടെ മാസവരുമാനം 5,000 മുതൽ 25,000 വരെ. ഇതിന്റെ ഭാവി എന്താണെന്ന് ചിന്തിക്കാൻ പോലും ഈ യുവാക്കൾക്ക് അവസരം നൽകുന്നില്ല. അത്രയ്ക്കും ജോലിത്തിരക്കാണ്.

രാവിലെ വീട്ടിൽ നിന്നിറങ്ങുന്ന ഇവരുടെ മടക്കം രാത്രി 10,11 മണി. കിടക്കുമ്പോൾ ഏകദേശം 12 മണിയാവും. സൺഡെ പോലും ഒഴിവില്ല. കാരണം കമ്മീഷൻ കുറയരുതല്ലോ. എവിടെയായിരിക്കും ഇതിന്റെ അന്ത്യം? രാജ്യത്തിന്റെ, യുവത്വത്തിന്റെ ചേതന വിദേശ-സ്വദേശ കമ്പനികൾ ഊറ്റിക്കുടിക്കുന്നു. ഒരു സുരക്ഷിതത്വവും ഇല്ലാത്ത ഏത് സമയവും പിരിച്ചുവിടൽ പ്രതീക്ഷിക്കുന്ന ഇവർ നാളെകളിൽ സമൂഹത്തിന്റെ വലിയ ഒരു ബാദ്ധ്യതയായി മാറാൻ പോവുകയാണ്.

നല്ല ഒരു ജീവിതം (ജോലി) തിരഞ്ഞെടുക്കേണ്ട സമയം കാശിന്റെ കെട്ട് എറിഞ്ഞ് ഇവരെ വലവീശുകയും ആവശ്യം കഴിഞ്ഞാൽ തെരുവിലേക്ക് വിടുകയും പുതിയ പുതിയ യുവരക്തങ്ങളെ വലവീശുകയും ചെയ്യുന്ന ഈ ശക്തികളെ നമ്മൾ കരുതിയിരിക്കേണ്ടതുണ്ട്. കാരണം ഒരു കൂലിപ്പണിക്കാരന്റെ സമാധാനമോ സുരക്ഷിതത്വമോ ഇവർക്കില്ല. എന്ന് മാത്രമല്ല ഇവരൊരിക്കലും കുറഞ്ഞ ശമ്പളത്തിനോ ശരീരത്തിൽ ചെളിയാകുന്ന പണിയോ ചെയ്യില്ല.

ഒരു പി.എസ്.സി. പരീക്ഷയെഴുതാൻ വരെ ഈ യുവാക്കൾ വൈമനസ്യം കാണിക്കുന്നു. ഇവർക്ക് ഡിഗ്രിയും ഡിപ്ലോമയും ഇല്ലാഞ്ഞിട്ടല്ല. അവസാനം ഇവർ ഒന്നുമാവാതെ അലഞ്ഞ് തിരിഞ്ഞ് നടക്കാൻ സാധ്യതയേറെയാണ്. ചിന്തിക്കുകയും കാര്യഗൗരവത്തോടെ പ്രതിവിധി തേടുകയും യുവാക്കളെ ബോധവാൻമാരാക്കുകയും ചെയ്യേണ്ട വിഷയമായി ഇതിനെ കാണേണ്ടിയിരിക്കുന്നു. നാളെയുടെ വാഗ്ദാനങ്ങളായ ഈ യുവതലമുറയെ കുരുതി കൊടുക്കാൻ നമ്മൾ അനുവദിക്കരുത്.

---

അനുഭവം

എം.എം. ദേവസ്യ ഡൽഹി

# കാക്ക



ഞാൻ താമസിക്കുന്നത് ഡൽഹിയിലെ മയൂർ വിഹാർ - 2 എന്ന കോളനിയിലാണ്. കഴിഞ്ഞ ദിവസം രാവിലെ ഞാൻ പ്രഭാതനടത്തത്തിനിറങ്ങിയതായിരുന്നു. പെട്ടെന്ന് അന്തരീക്ഷത്തിൽ ഒരു കാക്ക തൂങ്ങിക്കിടക്കുന്നു! അടുത്തെത്തിയപ്പോൾ മനസിലായി കാക്ക ചത്തിട്ടില്ലെന്ന്. പൊട്ടിയ ഒരു പട്ടത്തിന്റെ ചരട് മരക്കൊമ്പിൽ ഉടക്കിയതിൽ കാക്കയുടെ തൂവൽ പെട്ടുപോയി.


എനിക്കു സങ്കടം തോന്നി അതിന്റെ ദയനീയ അവസ്ഥ കണ്ടിട്ട്. അപ്പോഴേക്കും ആ വഴി വന്ന ഒന്നു രണ്ടു പേരും ഞാനും കൂടി അടുത്ത വീട്ടിൽനിന്ന് കിട്ടിയ നീളമുള്ള കമ്പി കൊണ്ട് ചരട് പൊട്ടിച്ച് കാക്കയെ രക്ഷപ്പെടുത്താൻ ശ്രമിച്ചു. പക്ഷേ കമ്പിക്കു നീളക്കുറവായിരുന്നു. അപ്പോൾ അടുത്തു കിടന്ന ഒരു വൃക്ഷശിഖരം ഒടിച്ച് കമ്പിയിൽ ഇഴച്ചുകെട്ടി, നിർത്തിയിട്ടിരുന്ന ഒരു കാറിന്റെ മുകളിലും ഭിത്തിയിലും കയറി ഒരു വിധം പട്ടത്തിന്റെ ചരടിൽ നിന്ന് കാക്കയെ വേർപെടുത്തി. കുരുക്കു മാറിയതോടെ കാക്ക പതുക്കെ പറന്ന് അടുത്ത മരക്കൊമ്പിൽ ഇരുന്നു ക്ഷീണം തീർക്കാൻ.

കുരുക്കിൽ പെട്ട കാക്കയെ രക്ഷിക്കാൻ ചുറ്റും കൂടിയ കാക്കകളെല്ലാം ക്രാ ക്രാ വിളിയോടെ തങ്ങളുടെ സന്തോഷം ഞങ്ങളെ അറിയിച്ചു. രാവിലെ അപകടത്തിൽ നിന്ന് ഒരു ജീവിയെ രക്ഷിക്കാനായ ചാരിതാർത്ഥ്യത്തോടെ ഞാൻ നടപ്പു തുടർന്നു. കാക്കയെ പറ്റി രണ്ടു വാക്ക്: കാക്ക നമ്മുടെ ദേശീയപക്ഷിയാകണമെന്നാണ് എന്റെ എളിയ അഭിപ്രായം. കാരണം നഗരങ്ങളിൽ ടൺ കണക്കിന് മാലിന്യം, ഭക്ഷണ അവശിഷ്ടങ്ങൾ എല്ലാം തിന്ന് തീർത്ത് ശുചീകരണ പ്രവർത്തനം ചെയ്യുന്നു. പാടാനറിയാത്ത ഭംഗിയില്ലെന്നു നാം കരുതുന്ന, ക്രാ ക്രാ വിളിക്കുന്ന ഈ പക്ഷി ഒരു ബുദ്ധിജീവിയാണ്.

---

***വായനക്കാരുടെ പ്രതികരണങ്ങൾ - തപാലിൽ, ഇ മെയിലിൽ, ടെലഫോൺ, എസ്.എം.എസ്, നേരിൽ***

വായനയുടെ പക്ഷം




'സ്വപ്നങ്ങളിൽനിന്നാണ് എഴുത്ത്' പി. സുരേന്ദ്രന്റെ പ്രഭാഷണം (ലിമാ മാർച്ച് ലക്കം). ലിറ്റിൽ മാസിക ഓരോ ലക്കവും നന്നാവുന്നുണ്ട്. തീർച്ചയായും വരിസംഖ്യ അയച്ചുതരാം. മാസിക നിന്നുപോവരുത്. ശമ്പളം കിട്ടിയാലുടൻ കാശയക്കും. എല്ലാ നന്മകളും ആശംസിക്കുന്നു.

*സുബൈദ, അക്ഷരം വീട്,*
*നീലേശ്വരം-671314.*
*കാസർക്കോട്. ഫോൺ: 9496735111*

ലിറ്റിൽ മാസിക ഇടക്ക് കിട്ടുന്നു. തപാൽ തടസമായിരിക്കാം ഇടക്കിടക്ക് ആവുന്നത്. മാർച്ച് ലക്കത്തിലെ 'അപ്പോൾ നമ്മൾ കഴിച്ച മരുന്നുകളോ...?' എന്ന തലവാചകത്തോട് എതിർപ്പ് പ്രകടിപ്പിക്കുന്നു. 'അപ്പോൾ നിങ്ങൾ കഴിച്ച മരുന്നുകളോ...?' ആയിരുന്നെങ്കിൽ ശരി. കാരണം, ഞാൻ ഒരു മന്തുമരുന്നും കഴിച്ചിട്ടില്ല. സുരേന്ദ്രന്റെ പ്രഭാഷണത്തിലൂടെ 'മനുവിന്റെ സ്വപ്നങ്ങൾ' എന്ന പുസ്തക പ്രകാശനത്തെക്കുറിച്ചറിഞ്ഞു. ലിറ്റിൽ മാസിക എഡിറ്റോറിയലും ജീവിതത്തിന്റെ ലളിതപാഠങ്ങളും നന്നാവുന്നുണ്ട്.

*ക്‌രീം കെ. പുറം, പുത്തൻ ചിറ, തൃശൂർ ജില്ല*

അയച്ച മാസികകൾ കിട്ടുന്നില്ല. അതിനാൽ ഇനി താമസസ്ഥലത്തെ വിലാസം തരാം. എന്റെ പുതിയ കവിതാ സമാഹാരം 'നമുക്കൊന്നു മിണ്ടാം' കൊല്ലം അമ്പാടിയിൽവെച്ച് നാടകകാരൻ പി.എം. ആന്റണി കഴിഞ്ഞ 14ന് പ്രകാശനം ചെയ്തു. കോപ്പികൾക്ക് ബന്ധപ്പെടാം.

*അപ്പു മുട്ടറ, പ്ലാവഴികത്ത്,*
*മയ്യനാട് പി.ഒ, കൊല്ലം - 691303*

Little Masika

April 2010 Postal Reg. No. KL/MJI/82/2010-2012
RN 67322/94 Registered with the Registrar of
Newa Paper for India, New Delhi. Rs. 6.50

# ലിറ്റിൽ മാസിക
# 18-ാം വാർഷികവും
# പുസ്തക പ്രകാശനവും

1992ൽ ആരംഭിച്ച ലിറ്റിൽ മാസിക 18 വർഷം പിന്നിട്ടു. സൗമ്യവും നിശബ്ദവുമായ ഇടപെടൽകൊണ്ട് സമാന്തര മാധ്യമ ദൗത്യം ആവുംവിധം നിർവ്വഹിക്കുന്നതിന്റെ സന്തോഷത്തിലാണ് ലിറ്റിൽ മാസിക സുഹത്തുക്കൾ.

വലിയ പ്രസിദ്ധീകരണങ്ങളുടെ മലവെള്ളപ്പാച്ചിലിൽ ഈ ചെറു പ്രസിദ്ധീകരണം 18 വർഷം നിലനിന്നുവെന്നതു തന്നെ ഒരു വലിയ കാര്യമായി തോന്നുന്നു.

പതിനെട്ടാം വർഷത്തിലെത്തിയതിന്റെ ആഹ്ലാദം പങ്കുവെക്കാൻ 2010 ഏപ്രിൽ 24ന് ശനിയാഴ്ച വൈകീട്ട് 5 മണിക്ക് ലിറ്റിൽ മാസിക സുഹൃത്തുക്കൾ മഞ്ചേരി പബ്ലിക് ലൈബ്രറിയിൽ ഒത്തുചേരുകയാണ്. അന്ന് ലിറ്റിൽ മാസിക **'ലിറ്റിൽ പ്രിന്റ്'** എന്ന ഇംപ്രിന്റിൽ പ്രസിദ്ധീകരിക്കുന്ന **പ്രതീഷ് എം.പി**യുടെ കവിതകൾ **'ആവിയന്ത്രം'** കവിയും നോവലിസ്റ്റുമായ **ടി.പി. രാജീവൻ**, കവി **ഒ.പി. സുരേഷി**ന് നൽകി പ്രകാശനം നിർവ്വഹിക്കും.

അന്ന് രാവിലെ 10 മണി മുതൽ **'ചെറുതായിരിക്കുന്നതിന്റെ പ്രസക്തി'** പ്രദർശനവും ഉണ്ടായിരിക്കുന്നതാണ്.

എല്ലാ സുഹൃത്തുക്കളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ലിറ്റിൽ മാസിക പ്രവർത്തകർ**
**9946428284, 9995264564**




Edited, Printed, Published & Owned by: Biju John published at Chungathara
Printed at Imperial Edv for Co-op Press, Chugathara